"ഉദ്ധരേദാത്മനാത്മാനം"

Reg. No. T. 26.

License; No. 363. Dated 14-8-1937

# നവജീവൻ

വരിസംഖ്യ } അഞ്ചലിൽ 3 രൂ. 6ണ. തപാലിൽ 4 രൂ. 8 ണ.

പ്രതിപക്ഷപത്രിക

പരസ്യങ്ങൾക്ക് മിതമായനിരക്ക്

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്.

Vol. 25 | ശിവഗിരി, വക്കല. Trav, 30th Nov: 1944. ൧൧൨൦ വൃശ്ചികം ൧൫-ാംനു വ്യാഴം. | No. 5

## ഇസ്ലാമിലെസാഹോദര്യം

### അതിന്റെ പ്രായോഗികവശങ്ങൾ

ഷെയിക്ക് മൊയിദ്ദീൻ B. A. B T.

I ഇസ്ലാമിന്റെ പ്രധാന്യം

ഇസ്ലാം, മാനവരാശിയുടെ സ്വാഭാവികമതമാണ്. വിശുദ്ധഖുർആനിലെ വാക്കുകളിൽ പറയുകയാണെങ്കിൽ—

"അല്ലാഹ് നിർമ്മിച്ച പ്രപഞ്ചം, അതിൽ അവൻ എല്ലാമനുഷ്യരേയും സൃഷ്ടിച്ചു"

ഇതിനെ വിശുദ്ധപ്രവാചകന്റെ ഒരു വാക്യംകൊണ്ടു സമർത്ഥിക്കുന്നുണ്ട്.

"എല്ലാ ശിശുക്കളും ഇസ്ലാമിലാണു ജനിക്കുന്നതു്; ഒരു ശിശുവിനെ ഒരു യഹൂദനോ, ക്രൈസ്തവനോ, അഗ്ന്യാരാധകനോ ആക്കിത്തീർക്കുന്നതു് അതിന്റെ മാതാപിതാക്കന്മാരാണ്. ഇസ്ലാം എല്ലാ പ്രവാചകന്മാരുടെയും മതമായിരുന്നു: അബ്രഹാമിന്റെ മതമെന്നു് അതിനെ പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ടു്; മോശയുടെ അനുയായികളായ ഇസ്രായേൽപ്രവാചകന്മാരെക്കുറിച്ചു ഒരു സന്ദർഭത്തിൽ 'മുസ്ലിമികളായിരുന്ന പ്രവാചകന്മാർ' (ദൈവസേവകന്മാർ) എന്നു പറഞ്ഞിട്ടുമുണ്ടു്. ഇപ്രകാരം ഇസ്ലാമിന്റെ അടിസ്ഥാനംതന്നെ സമസ്തതയുടെയും മാനവവംശത്തിന്റെയും വിസ്തൃതമായ ആശയത്തിൽ പടുത്തിരിക്കുകയാണു്. അതുകൊണ്ടുതന്നെയാണ്:—

"അല്ലാഹിന്റെ (സത്യ) മതം ഇസ്ലാമാകുന്നു' എന്നു പറഞ്ഞിട്ടുള്ളതും.

ഇസ്ലാം എന്ന പദം ഒരു ഇരട്ട ധാതുവിൽനിന്നും ആഗമിച്ചിട്ടുള്ളതാണ്.

സില്മ്- സമാധാനം അല്ലെങ്കിൽ ശാന്തിയുണ്ടാക്കുക എന്നും അസ്ലാമ-ദൈവിക ഇച്ഛയ്ക്കു തികച്ചും കീഴടങ്ങുക എന്നും ആണവ. ഈ രണ്ടിനും സൂക്ഷ്മവും ഗാഢവുമായ പരസ്പരബന്ധമുണ്ടു്; ഒന്നു ലക്ഷ്യവും (ലോകസമാധാന സംപ്രാപ്തി) മറേറതു് ആ ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗവും (ദൈവത്തിനു കീഴ്‌വണങ്ങുക) ആകുന്നു. ഇപ്രകാരമുള്ള ഒരു മഹനീയലക്ഷ്യം ലോകത്തിലെ നന്മയുടെഎല്ലാം ഉറവായിരിക്കുന്ന അള്ളാവിനു കീഴ്‌വഴങ്ങുന്നതുകൊണ്ടല്ലാതെ സംപ്രാപിക്കുക സാധ്യമല്ല. വിശുദ്ധ ഖുർആൻ പറയുന്നു:—

"അല്ലാഹിനു തികച്ചും കീഴ്‌വണങ്ങുന്നവനും നന്മ ചെയ്യുന്നവനും (മററുള്ളവർക്കു) അവന്റെ പ്രതിഫലം അവന്റെനാഥനിൽനിന്നു ലഭിക്കും-അവനു ഭയമില്ല-അവനു ക്ലേശവുമില്ല"

ഇപ്രകാരം ദൈവത്തിനെക്കുറിച്ചും മനുഷ്യനു ദൈവത്തിനോടുള്ള കീഴ്‌വണക്കമെന്ന ബന്ധത്തെക്കുറിച്ചും വ്യക്തമായ ഒരു പ്രതീതിനൽകിക്കൊണ്ടു വിശുദ്ധഖുർആൻസാന്മാർഗ്ഗികബന്ധങ്ങളിലേയ്ക്കു കടന്നുപോകുന്നു.

"ദൈവത്തിനു കീഴ്‌വണങ്ങുക എന്നതു നമ്മുടെ ഹൃദയത്തിൽ വ്യാപരിച്ചുകൊണ്ടു നിൽക്കുന്ന അന്യൂനമായ നിയമമാണ്" അതിലുമുപരി ഈ നിയമത്തിന്റെനിയോഗത്തിനു മനുഷ്യനു സമസൃഷ്ടങ്ങളോടുള്ള ബന്ധത്തെ ക്രമപ്പെടുത്തുവാനും അവയോടുള്ള അനുകമ്പയെ വർദ്ധിപ്പിക്കാനുംശക്തിയുണ്ടു്. അതിന്റെ സഹായത്തോടുകൂടി സമസൃഷ്ടങ്ങളുടെ അവകാശങ്ങളെ കാണുവാനും അറിയുവാനും അവനു സാധ്യമാകുന്നു. അങ്ങനെ അവയോടുള്ള പെരുമാററത്തിൽ അവൻ നീതി, നന്മ, അനുകമ്പ എന്നീ ഗുണങ്ങൾ വ്യാപരിപ്പിക്കയും ചെയ്യുന്നു. അവൻ അവന്റെ യോഗ്യതയ്ക്കനുസരിച്ചു അവന്റെ അറിവിന്റെയും, വസ്തുവകകളുടെയും, സുഖങ്ങളുടെയും മററു ദൈവദത്തമായ അനുഗ്രഹങ്ങളുടെയും ഒരു പങ്കു് ഓരോരുത്തർക്കും സന്തോഷം ചെയ്യുന്നു. ഒരു പൂർണ്ണമായ നിയമത്തിന്റെ നിയോഗത്തിനനുസരിച്ചു നടക്കുക എന്നുള്ളതു്, ഇപ്രകാരം മനുഷ്യനു ദൈവത്തിനോടും മനുഷ്യനോടുമുള്ള കർത്തവ്യങ്ങൾ യോഗ്യവും സ്തുത്യർഹവുമായ രീതിയിൽ നിർവഹിക്കുകതന്നെയാണ്. അവൻ ദൈവത്തിന്റെ ഇച്ഛയ്ക്കു ആത്മാർപ്പണം ചെയ്യുകയും സമസൃഷ്ടസേവനത്തിനു തികച്ചും ജാഗരൂകനാകയും ചെയ്യുന്നു.

ii. സാഹോദര്യം സൽഗുണപരിശീലനംകൊണ്ടു സംസ്ഥാപിക്കപ്പെടുന്നു.

സമസൃഷ്ടങ്ങളോടുള്ള മനുഷ്യന്റെ ബന്ധങ്ങളെ സൽക്കർമ്മം എന്ന പദംകൊണ്ടു വ്യവഹരിക്കാം. ഇസ്‌ലാം ആദ്യംമുതൽതന്നെ സൽക്കർമ്മാനുഷ്ഠാനത്തിനു നമ്മെ പഠിപ്പിക്കുന്നു. ഈ അർത്ഥത്തിൽ ഇസ്‌ലാം അലസമായധ്യാനത്തിൽനിന്നും വ്യതിരിക്തമായി അവശ്യം പ്രായോഗികമായ ഒരു മതമാണെനൽകുന്നതു്. കാരണം നാം കർമ്മപൂർണ്ണമായ ഒരു ലോകത്തിലാണു ജീവിക്കുന്നതെന്നുള്ളതാണു്. കർമ്മം അനുഷ്ഠിക്കുമ്പോൾ സ്വാഭാവികമായി മററുള്ള മനുഷ്യരോടു് ഒരു ബന്ധം സ്ഥാപിക്കുന്നുണ്ടു്. മററുള്ളവരോടു ചെയ്യുന്ന സൽപ്രവൃത്തികൾ നമ്മുടെ ചുററിലും അനുകമ്പയുടെയും സൗഹൃദസാഹോദര്യങ്ങളുടെയും ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു. ദൈവികൈക്യത്തിന്റെ ഉൽകൃഷ്ടഭാവത്തെ തെളിയിക്കുകയും, സ്രഷ്ടാവിന്റെ നേരേ നമുക്കുള്ള യഥാർത്ഥനിലയെ നമ്മിൽ സൃഷ്ടിക്കുക എന്ന മതത്തിന്റെ ധർമ്മത്തെ നിർവഹിക്കുകയും ചെയ്യുന്നതോടൊപ്പം ഇസ്‌ലാം നമ്മെ സില്മ് അല്ലെങ്കിൽ സമാധാനം പ്രാപിക്കാൻ സമസൃഷ്ടങ്ങളോടുള്ള നമ്മുടെ ദൈനംദിനകൃത്യങ്ങളെ എങ്ങനെ അനുഷ്ഠിക്കണമെന്നുള്ളതും ബോധിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണു് ഏകദൈവത്തിനോടുള്ള കർത്തവ്യങ്ങൾക്കു് ഉടനെ അടുത്തതായി മാതാപിതാക്കന്മാരോടുള്ള കർത്തവ്യത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതു :—

“അല്ലാഹിനെ സേവിക്ക.... മാതാപിതാക്കളോടും ബന്ധുക്കളോടും അശരണരോടും, പാവങ്ങളോടും, ബന്ധുക്കളും സമീപസ്ഥരോടും, വൈദേശികരായ സമീപസ്ഥരോടും, യാത്രയിൽ അനുയാനം ചെയ്യുന്നവരോടും, പഥികനോടും നിങ്ങളുടെ വലതുകൈ ഗ്രഹിച്ചിരിക്കുന്നവരോടും നന്മ ചെയ്യുക; അഹംഭാവിയേയും, അഹംകാരിയേയും അല്ലാഹ് നിശ്ചയമായും സ്നേഹിക്കുകയില്ല” എന്നു പറഞ്ഞതു്. ഇതേ പ്രമേയംതന്നെ വിശുദ്ധ ഖുർ-ആനിൽ അന്യത്ര പ്രസ്താവിച്ചുകാണുന്നു:—

“നിങ്ങളുടെ നാഥൻ കല്പിക്കുന്നതു് നിങ്ങൾ അവനെ അല്ലാതെ ആരെയും സേവിക്കരുതെന്നും മാതാപിതാക്കന്മാരോടു നന്മ പ്രവർത്തിക്കണമെന്നുമാണു്. മാതാപിതാക്കന്മാർ വാർദ്ധക്യം പ്രാപിച്ചാൽ അതവർക്കറിവാനിടയാകരുതു്. അവരെ ഭത്സിക്കരുതു്. അവരോടു കാരുണ്യം നിറഞ്ഞ വാക്കു പറയുക”. ഇനിയും “അവരോടു വിനയാദരപുരസ്സരം കാരുണ്യം കാണിക്കുക, പ്രഭോ ഇവരിൽ കരുണ തോന്നണേ ഇവരെന്നെ വളർത്തിയവരാണു് എന്നു പ്രാർത്ഥിക്കുക”. മാതാപിതാക്കളോടു് ആദരപൂർവം പെരുമാറണമെന്നു പറയുന്നതു് “ഇസ്‌ലാം ഏതുനിലയിലുള്ളവർക്കും അവകാശസമത്വം സ്ഥാപിക്കുന്നതോടൊപ്പം അധികാരത്തെ ആദരിക്കേണ്ടതിന്റെ അത്യാവശ്യകത പഠിപ്പിക്കയും ചെയ്യുന്നു” എന്നതുകൊണ്ടാണു്. മനുഷ്യൻ ദൈവത്തിന്റെ സ്വാകാരത്തിലാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെങ്കിൽ അവൻ ദൈവത്തിന്റെ ഉൽകൃഷ്ടഗുണങ്ങളും ധർമ്മങ്ങളും അനുകരിക്കേണ്ടതുണ്ടു്. ദൈവം തന്റെ സൃഷ്ടിജാലങ്ങളെ പോററുകയും പുലർത്തുകയും വളർത്തുകയും ചെയ്യുന്നു. അതുപോലെതന്നെ മാതാപിതാക്കന്മാരും അവരുടെ കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുന്നു. ദൈവമാണു് യാഥാർത്ഥ്യമെങ്കിൽ മാതാപിതാക്കന്മാർ അതിന്റെ നിഴലാണു്. എന്നാൽ ഒരു കാരണവശാലും രണ്ടാമത്തേതിനു് ആദ്യസ്ഥാനം കല്പിക്കാവതല്ല. മാനവപരിധികളെ ഉല്ലംഘിച്ചുനിൽക്കുന്ന അഖണ്ഡവും അലൗകികവുമായ ആ ദിവ്യശക്തിക്കു ഒരു പിതാവിന്റെ ഗുണങ്ങൾ ആരോപിക്കുന്നതു ശരിയായിരിക്കയില്ല.

“പറയുക, അവൻ അല്ലാഹ് ആകുന്നു. ഏകം, എല്ലാം ആശ്രയം കൊള്ളുന്ന അവൻ ആകുന്നു അല്ലാഹ്. അവൻ ജനിപ്പിക്കുന്നില്ല. അവൻ ജനിപ്പിക്കപ്പെടുന്നുമില്ല. അവനു സമാനൻ അന്യനില്ല.”

‘പിതാക്കളോടുള്ള കർത്തവ്യത്തിനുശേഷം പരിശുദ്ധഖുറാനിലെ സദാചാര സിദ്ധാന്തങ്ങളുടെ കൂട്ടത്തിൽ സഹോദരന്മാരോടുള്ള കർത്തവ്യങ്ങൾ പ്രാധാന്യമർഹിക്കുന്നു: — യഥാർഹം അടുത്തുള്ള ബന്ധുവിനും പാവങ്ങൾക്കും വഴിയാത്രക്കാർക്കും കൊടുക്കുക. ധൂർത്തായി ദ്രവ്യയം ചെയ്യരുതു് ദാരിദ്ര്യം ഭയന്നു കുഞ്ഞുങ്ങളെ കൊന്നുകളയരുതു്... വ്യഭിചാരത്തിനോടു സമീപിക്ക പോലുമരുതു്.... നീതിക്കു വേണ്ടിയല്ലാതെ, അല്ലാഹ് നിരോധിച്ചിട്ടുള്ള ആരേയും കൊല്ലരുതു്.... മാതാപിതാക്കളില്ലാത്തവന്റെ വസ്തുവകകൾക്കടുത്തു സദ്ദേശത്തോടല്ലാതെ അവൻ പ്രാപ്തനാകുന്നതുവരെ സമീപിക്കരുതു്... അളന്നു കൊടുക്കുമ്പോൾ നിറയെ കൊടുക്കുക. തൂക്കുമ്പോൾ കള്ളമില്ലാത്തതുലാസ്സു ഉപയോഗിക്കുക.”

ഇപ്രകാരം നമ്മുടെ അടുത്തുള്ള ആളുകളോടു നല്ലതു ചെയ്‌വാൻ നിർദ്ദേശിക്കുന്നു, മനുഷ്യരാശിയോടുള്ള ക്ഷേമകരമായ ബന്ധത്തെ ശിഥിലപ്പെടുത്താവുന്ന ദുർവ്യയത്തേയും വ്യഭിചാരത്തെയും നിഷേധിക്കുന്നു, കൂടാതെ ദൈവകാര്യത്തിനു ലുബ്ധത്വം കാട്ടരുതെന്നും, നമ്മുടെ വ്യാപാരബന്ധത്തെ തകിടംമറിക്കുന്ന കള്ളത്തൂക്കങ്ങളും മററും വർജ്ജിക്കണമെന്നും കല്പിക്കുന്നു. ഇസ്‌ലാമിനു മുമ്പുള്ള അറബികളുടെ സമ്പ്രദായപ്രകാരം സ്ത്രീസന്താനങ്ങളെ വധിക്കരുതെന്നും അന്യായ പലിശ ഈടാക്കരുതെന്നും വിധിക്കുന്നു. ഇവയും ഇപ്രകാരമുള്ള മററു വിധികളും നമ്മുടെ പരസ്പരബന്ധത്തെ ദൃഢപ്പെടുത്തുന്നതിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവതന്നെയാണല്ലോ. ഇപ്രകാരം ഒരു ഐക്യബന്ധം, സ്നേഹം, അനുകമ്പ, സാഹോദര്യം എന്നിവയും ഒരു വ്യാപകമായ സദാചാരനിയമസംഹിതവഴി സൃഷ്ടിക്കുന്നു. അതു് അതിന്റെ ഉച്ചകോടിയിൽ എത്തുന്നതു കാണുക:—

മനുഷ്യനന്മയ്ക്കായി ഉദ്ധരിക്കപ്പെട്ടിട്ടുള്ള ഏററവും നല്ല ജനതയാണു നിങ്ങൾ, നല്ലതിനെ പ്രഖ്യാപനംചെയ്ക. തീയതി നിഷേധിക്കുക. അല്ലാഹിൽ വിശ്വസിക്കുക” ഇനിയും പരിശുദ്ധ പ്രവാചകൻ പറയുന്നു.

(ശേഷം എഴുപത്തി എട്ടാം പേജിൽ)

# അദ്ധ്യാപകനോട്

എം. പി. അപ്പൻ, എം. എ; എൽ. ടി.

(പാന)

ഭാവിലോകത്തെ സൃഷ്ടിചെയ്യേണ്ടതാം
പാവനാത്മകത്തങ്കക്കുടങ്ങളെ
പൂജ്യനാം ഗുരോ, അങ്ങയിലിന്നിതാ
പൂരിതാദരം ഞങ്ങൾ സമർപ്പിപ്പൂ.
അത്യനർഘമിപ്പൊൻമലർമൊട്ടുകൾ
സത്യകാന്തിയിൽ പൊട്ടി വിടർന്നാവൂ!
അഞ്ചുപൊന്നോണം കണ്ട കളിത്താരി
അഞ്ചിതാഭരാം പിഞ്ചുകിടാങ്ങളിൽ
മങ്ങിമങ്ങിമയരികയാണെത്രയും
ഭംഗിതേടിന തേജസ്സിൻ വിത്തുകൾ.
വിശ്വമോഹന സ്വച്ഛന്ദഗീതിയാൽ
ശശ്വദാനന്ദമേകും പ്രതിഭകൾ
ലോകമൊക്കെയുമൊററക്കൊടിക്കീഴി-
ലാകലേതരം നിർത്തുന്നശക്തികൾ
ഒന്നു വിശി വഴിയെ തെളിക്കുകിൽ
മിന്നുമോരോന്നും ജാജ്വല്യമാനമായ്.
ശാന്തശീതളസ്വാതന്ത്ര്യാരാമത്തിൽ
കാന്തകോമള സ്നേഹസുഷമയിൽ
ഭാസമാനമായുല്ലസിക്കട്ടെ യീ
വാസനാലോലകല്പകപ്പൂവുകൾ
സാരശോഭമാം ലോകചരിത്രത്തിൽ
ചോരതേച്ചോരാജാതിമതാദികൾ
മാഞ്ഞുപോകട്ടെ നിൻ സമഭാവന
മഞ്ജുളപ്രഭം തൂവും വചസ്സിനാൽ
മന്നിലുള്ള യഥാർത്ഥതയിയിലും
കണ്ണിൽ നിന്നു മറകററി നിർത്തീടൊലാ.
മിഥ്യയായതു മിഥ്യയായ് കാണട്ടെ
സത്യതേജസ്സിലുത്സുകരായിവർ.
യുക്തിവാദത്തിൻ നാമ്പുകളൊന്നുമേ
നിർദ്ദയം ഭവാൻ നുള്ളി മാററീടൊലാ.
കൃത്രിമങ്ങളാം രീതികളാലിവർ
പുസ്തകപ്പുഴുവാകാതെ ശക്തരായ്
വിസ്തൃതാഭമായ് മിന്നുമീലോകത്തെ
ശ്രദ്ധയാർന്നു പഠിച്ചുയർന്നീടാവൂ!
കൺകഴിഞ്ഞു കവിളുകളൊട്ടിയും
നെഞ്ചുതാണഹോ! നട്ടെല്ലു പൊട്ടിയും
അസ്തപൗരുഷരാകും തരുണരെ—
പ്പെററു തള്ളേണ്ടതല്ല വിദ്യാലയം.
ചങ്കുറപ്പിനാൽ ചോരത്തിളപ്പിനാൽ
ശൃംഖലേതരകാര്യബോധത്തിനാൽ
അദ്വിതീയരാം മാനവന്മാരെയാം
കാത്തുനില്പതു ലോകം ചലാത്മകം
ധർമ്മധീരരായ് കർമ്മവിദഗ്ദ്ധരായ്
നിർമ്മലാഭരാം വീരയുവാക്കളെ
ലോകരംഗത്തു കാഴ്ചവച്ചീടാവൂ
പാകമാർന്നനിൻ ശിക്ഷണത്തിൻ ഫലം.

# "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്"

## (ഒരു നവീനവ്യാഖ്യാനം)

(പണ്ഡിതർ- ഇ. വി. രാമൻനമ്പൂതിരി; വിദ്യാരത്നം, സാഹിത്യാലങ്കാർ)

നവജീവനോടുകൂടി പുറപ്പെട്ടു തുടങ്ങിയിരിക്കുന്ന 'നവജീവൻ' പത്രത്തിനു ലേഖനമെഴുതുവാൻ നിർബദ്ധനായ് ചമയുന്ന എനിക്ക്, കേരളനാരായണോപനിഷത്തിന്റെ ഹൃദയനാഡീസ്ഥാനീയമായി പ്രശോഭിക്കുന്ന പ്രസ്തുത മഹാവാക്യത്തെപ്പററിയുള്ളതന്നെയാണ് ആദ്യമായിട്ടല്ലും പ്രസ്താവിക്കുവാനുള്ളതു്. "ഋഷീണാം പുനരാദ്യാനാം- വാചമർത്ഥോ ഽ നുധാവതി," അഥവാ, "വലിയ മഹർഷികൾ ചൊന്നാൽ ഫലമാവാക്കിന്റെ പിമ്പെയോടിവരും-" എന്നുള്ള മഹാകവി ഭവഭൂതിസൂക്തത്തെ അത്ഭുതകരമാംവണ്ണം അന്വർത്ഥമാക്കുന്നതായോ "അഥവാ ഭവിതവ്യാനാം ദ്വാരാണി ഭവന്തി സർവ്വത്ര" അതായതു - "ദൈവവിധിക്കഥവാ ഭവനേ ഽ സ്സിൻ നൈവകവാടനിരോധമൊരേടം" എന്ന മഹാകവി കാളിദാസസൂക്തത്തെ ദൃഷ്ടാന്തപ്പെടുത്തുന്നതായോ സങ്കല്പിക്കപ്പെടുന്ന ഒരു വ്യാഖ്യാനവിശേഷം, ഈ നവഗുരുഗീതാബ്ദത്തിന് ഈയിടെപ്രകടീഭവിക്കുവാനിടവന്നിരിക്കുന്നു.

അമേരിക്കയിൽ പണ്ടൊരു മഹാകോടീശ്വരൻ ഉണ്ടായിരുന്നുവത്രേ. അയാൾ തന്റെ നാസ്തികമതപ്രതാപത്തിന്റെ വിജയചിഹ്നമായി ഒരു മണിപ്രാസാദം സ്ഥാപിച്ചു, NOWHEREGOD (ദൈവമെങ്ങുമില്ല) എന്നു അഹങ്കാരരോജ്ജ്വലിതനായി അതിൽ ഒരു പരസ്യമഹാവാക്യം പ്രതിഷ്ഠിക്കുകയും ചെയ്തു. ഒരു താഴ്ന്നതരം സ്കൂൾവിദ്യാർത്ഥി, ആ പരസ്യം കണ്ടു്, NOWHEREGOD (ഇപ്പോൾ ദൈവം ഇവിടെ) എന്നു വായിക്കുകയും, അതു ഗൃഹനാഥൻ കേൾക്കാനിടയാവുകയും, തന്റെ മഹാപ്രയത്നമെല്ലാം ആ കൊച്ചുകുട്ടി യദൃച്ഛയാ തകർത്തുകളഞ്ഞതോർത്തു ഖേദിക്കുകയും, തദ്ദ്വാരാ ഒരു തികഞ്ഞ ദൈവവിശ്വാസിയായിത്തീരുകയും ചെയ്തുപോൽ. അതുപോലെയാണ് ഈ നവീനവ്യാഖ്യാനം കേട്ടാൽ, ചർച്ചചെയ്താൽ, പലർക്കും പററിപ്പോകാവുന്നതു്.

ഇതിലേതർത്ഥമായിരിക്കും ശരി? എന്നു വിശിഷ്യ ചിന്തിക്കേണമെന്നു തോന്നുന്നില്ല. സാധകന്മാരുടേയും, ശ്രോതാക്കളുടേയും, സംസ്കാരം ശീലം സാഹചര്യം വാസന വൈദഗ്ദ്ധ്യം മുതലായവയേ ആശ്രയിച്ചാണു് ഓരോന്നിലേ സത്യാസത്യതകൾ ഓരോരുത്തർക്കു് പ്രതീയമാനമാവുക. വേദാദികളിൽ, യാജ്ഞികമായും, ഭൗതികമായും, ആധ്യാത്മികമായും മററും അർത്ഥമുള്ള പംക്തികൾ അതിസുലഭങ്ങളാണു്. അവയിലൊന്നുമാത്രം ശരി, മററെല്ലാം തെററു് എന്നു നിർണ്ണയിക്കുകയല്ല പതിവു്. പ്രതിപത്തൃഭേദാനുസാരേണ ഏതർത്ഥവും പ്രമാണമാവും. ഈശ്വരീയസൂക്തങ്ങളേ സംബന്ധിച്ച ആ ന്യായം ഇവിടെയും അനാദേയമാകാവുന്നതല്ല; തികച്ചും സ്വീകാര്യം തന്നെയാണു്.

തിരുവനന്തപുരത്തു പാളയത്തിലുള്ള 'കിതാബ്സ്ഥാൻ' പുസ്തകശാലയിൽ വച്ചാണു് ഇപ്രകാരമൊരു വ്യാഖ്യാനം കേൾക്കുവാൻ അവസരം വന്നതു്. ഡോക്ടർ എൻ. സുബ്രഹ്മണ്യയ്യർ അവർകളുടെ 'ലോകക്ഷേമസംഘം' വകയായിട്ടു്, ൧൧൨൦-ലെ ചുവർ പഞ്ചാംഗം (കലണ്ടർ) പ്രചരിയ്ക്കപ്പെട്ടിട്ടുണ്ടല്ലോ. നീതിവാക്യങ്ങൾ, മുദ്രാവാക്യങ്ങൾ, തത്വശകലങ്ങൾ ഇത്യാദി രൂപേണ, ആ പഞ്ചാംഗത്തിൻെറ ഓരോ വശത്തും അച്ചടിച്ചിട്ടുള്ള ആംഗലഭാഷാവാക്യങ്ങൾ വായിച്ചും വിമർശിച്ചും ഒരു യുവാവു് ആ പുസ്തകശാലയിൽ ഇരിക്കുകയായിരുന്നു. ഞാൻ ചെന്ന അവസരത്തിൽ, എന്നെക്കൂടി ആ വിമർശനത്തിനു കൂട്ടുപിടിയ്ക്കാമെന്ന ഭാവന, ഒരു ശ്രോതാവാക്കി കല്പിച്ചു. അയാളുടെ ഉത്സാഹത്തെ ഭഞ്ജിക്കാത്ത വിധത്തിലുള്ള ഉത്തരങ്ങൾ ഞാനും 'തട്ടിമൂളിച്ചു' കൊണ്ടിരുന്നു. ഒടുവിൽ അയാൾ, സ്വാഭിപ്രായം പ്രകടിപ്പിക്കുവാനും, സ്ഥാപിക്കുവാനും തുടങ്ങി.

“എനിയ്ക്കിതൊന്നുമല്ല ഇഷ്ടം; ശ്രീനാരായണഗുരുസ്വാമികളുടെ സിദ്ധാന്തമാണു് എനിയ്ക്കേററവും രുചിച്ചിട്ടുള്ളതു്.”

വക്താവു് ഒരു ഹിന്ദു അല്ലാത്ത ആളാണു്. എനിക്കു കൗതുകമായി: “ഉം?”—മൂളലും കൊണ്ടു് ഒരു ചോദ്യചിഹ്നം ഞാനും ഇട്ടു. “ഏ്! അതെന്താണെന്നോ? “ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യനു്!” എത്ര ശരിയാണു്! ഇത്ര സാരമായ തത്വം ഞങ്ങളുടെ വേദത്തിൽ പോലുമില്ല. സാറിനു വേറെ ഏതെങ്കിലും പറയാമോ? ഇതിലധികം ശരിയായ ഒരു സിദ്ധാന്തം അറിയാമോ?”

അയാളുടെ ആശയത്തിൻെറ ആഴം കാണാതെ ഞാനൊന്നന്ധാളിച്ചു. വരട്ടെ, വഴിയേ പിടികൂടാം എന്നു കരുതി ഞാനിങ്ങനെയാണു് ഒതുങ്ങിയതു് അഥവാ ഒരുങ്ങിയതു് “ആട്ടെ എന്താണതിൻെറ അർത്ഥം?”

ഞാനർത്ഥം ചോദിക്കുമെന്നു അയാൾ അത്ര പ്രതീക്ഷിച്ചില്ല: എങ്കിലും പരുങ്ങാതെ പറവാൻ തുടങ്ങി—“അതെന്താ സാർ? ഇതിനും അർത്ഥം പറയണമോ? എന്നാലും ചോദിച്ചതിനു പറയാം. സകല മനുഷ്യരും, ഒരു ജാതിയിലും, ഒരു മതത്തിലും, ഒരു ദൈവത്തിൻെറ കീഴിലും അല്ലേ ജനിക്കുന്നതു്? അവരിൽ ഓരോരുത്തനും അതേ ജാതിയിൽ, അതേ മതത്തിൽ, അതേ ദൈവത്തിൻകീഴിൽ നില്ക്കണം. ജാതിയാകട്ടെ, മതമാകട്ടെ, ദൈവത്തേയാകട്ടേ മാററാനുള്ള അധികാരം ഒരു മനുഷ്യനും ഇല്ല. ശരിയല്ലേ സാർ?” ഒടുക്കം ഭാരം എൻെറ തോളിലേയ്ക്കും! ഞാൻ ഒന്നമ്പരന്നുപോയി!! ഈയർത്ഥം മററാരിൽനിന്നും ഗ്രഹിച്ചതാണെന്നു തോന്നിയില്ല. അയാളങ്ങനെയാണു് അതിന്നർത്ഥം ധരിച്ചുവച്ചിട്ടുള്ളതു്. ആളോ, സർവ്വകലാശാലാവിദ്യാഭ്യാസം നേടിയവനും! മറെറാരർത്ഥത്തിൽ ആ സൂക്തത്തിനു പ്രചാരവും പ്രാമാണ്യവും ഉണ്ടെന്നു് അയാൾ അറിഞ്ഞിട്ടേ ഇല്ലെന്നു തോന്നും. ആട്ടെ, ചിന്തിയ്ക്കാം-എന്നുവെച്ചു് കിട്ടിയ നേട്ടവും കൊണ്ടു് ഞാൻ അവിടെനിന്നു പിരിഞ്ഞു. ചിന്ത ഈ സംഭവത്തിൽത്തന്നെ ചെന്നുമുട്ടിക്കൊണ്ടിരിക്കുവാൻ തുടങ്ങി: അദ്വൈതികൾ, ദ്വൈതികൾ, വിശിഷ്ടാദ്വൈതികൾ [illegible]വലംതന്നെ പ്രമാണം ആധാരത്തിൽനിന്നു തന്നെയാണു് മൂവരും അവരവരുടെ സിദ്ധാന്തം സ്ഥാപിച്ചുകാണിച്ചിട്ടും പ്രചരിപ്പിച്ചിരിക്കുന്നതും. അതുപോലെ, ജാതി ഭേദ വാദികൾക്കും, ഏകജാതിവാദികൾക്കും ശ്രീനാരായണഗുരുസൂക്തംതന്നെ പ്രമാണമാകുമാറായല്ലോ. ജാതിഭേദവാദം നിലവിൽ സിദ്ധമാണു്, ഏകജാതി വാദമോ, കേവലം സാധ്യവുമാണു്. സിദ്ധത്തെയോ, സാദ്ധ്യത്തെയോ ശ്രീ ഗുരുസൂക്തം പ്രതിപാദിക്കുന്നതു്? രണ്ടുകോടിയിലും ധാരാളം യുക്തിന്യായങ്ങൾ കാണിക്കുവാനാവും. സ്വസ്വപക്ഷമാണു് ശരിയായിട്ടുള്ളതെന്നു രണ്ടുകൂട്ടർക്കും അഭിമാനിയ്ക്കാമായിരിക്കാം: എങ്കിലും, അനേകകോടി അന്യജാതിക്കാരേ, അന്യമതക്കാരേ, അന്യദൈവക്കാരേ, സ്വജാതിയിൽ (?), സ്വമതത്തിൽ, സ്വദൈവത്തിൽ എത്തിച്ചുകഴിഞ്ഞവരും, എത്തിച്ചുവരുന്നവരും ആയ മനുഷ്യരിൽ ഒരാളാണു് ഈ വിധമെല്ലാം പറഞ്ഞതെന്നോർത്തപ്പോൾ, യഥാർത്ഥമായി ഞാനത്ഭുതപ്പെട്ടു. ജ്ഞാനിക്കും, യോഗിക്കും, കർമ്മിക്കും, ഭക്തനും ഗീത പരമപ്രമാണം തന്നെ. അതുപോലെയായില്ലേ ഇതും? ആർക്കും പ്രമാണമാകയില്ലേ? പണ്ടൊരു "യോഗക്ഷേമമഹാസഭ"യ്ക്കു പോയിരുന്ന ശ്രീ. സി. വി. കുഞ്ഞുരാമനവർകൾ, വിജാതീയവിവാഹത്തെ നിശ്ശേഷം നിർത്തി, സ്വജാതീയവിവാഹം നിർബന്ധമാക്കണമെന്നൊരു "നിശ്ചയം" ഹാജരാക്കപ്പെട്ടപ്പോൾ അതിനെ എതിർത്തതായും, ആ നിശ്ചയം സാധ്യമാകണമെങ്കിൽ, പുരുഷൻ പുരുഷനെത്തന്നെ വിവാഹം ചെയ്തുതുടങ്ങണമെന്നു വാദിച്ചതായും ഞാനോർക്കുന്നു. ജാതിയുടെ സ്ഥിതിയോ ഗതിയോ ഇതാണെങ്കിൽ, ഏകജാതി-വാദികളുടെ കൊതി പിന്നെ എതിന്നാ?

മഹാപണ്ഡിതനായിരുന്ന കൈക്കുളങ്ങര രാമവാര്യരുടെ ജീവചരിത്രത്തിൽ ഒരു കഥയുണ്ടു്. തികഞ്ഞ പണ്ഡിതന്മാരും കവികളുമായ കുറേപ്പേർ ചേർന്നു് ഒരു സദസ്സിൽവച്ചു്, ശ്രീ രാമവാര്യരോടു് ഒരു ശ്ലോകമുണ്ടാക്കുവാനാവശ്യപ്പെട്ടു. “അമ്മാതിരി ശ്ലോകങ്ങളൊക്കെ നിങ്ങൾ ഉണ്ടാക്കിക്കൊൾക. ശ്ലോകത്തിനു വേണ്ടുന്ന അർത്ഥം ഞാൻ പറഞ്ഞുതരന്നേയ്ക്കാം”— എന്നാ

യിരുന്നു അദ്ദേഹത്തിന്റെ ഉത്തരം. "എന്നേ! ഗർവ്വേ!" - എന്നായി കവിസംഘക്കാർ. അവർവളരെ ശ്രമിച്ചു്, രണ്ടുമൂന്നു ദിവസംബുദ്ധിമുട്ടി, ഒരർത്ഥവും ഇല്ലാത്തതും, ഉണ്ടാക്കാൻ (അവർക്കു്) കഴിയാത്തതും ആയ ഒരു ശ്ലോകം കെട്ടിച്ചമച്ചു്, ശ്രീ. വാര്യർക്കു കൊടുത്തു് കാത്തിരിപ്പായി. വാര്യരവർകൾ ഏകാക്ഷരനിഘണ്ടുമുതൽ സർവ്വം ഹൃദിസ്ഥമാണു്. അദ്ദേഹം അനുലോമമായിട്ടും പ്രതിലോമമായിട്ടും അതു വായിച്ചു; ഒരു ശ്ലോകം കൊടുത്തതു രണ്ടാക്കി! അനുലോമവായനയ്ക്കു ശൃംഗാരപരമായ ഒരർത്ഥം-പ്രതിലോമവായനയ്ക്കു വേദാന്തപരമായ അർത്ഥവും. രണ്ടിനും ഏറെത്താമസവുമുണ്ടായില്ല. പ്രമാണങ്ങളും നിഘണ്ടുവചനങ്ങളും ഉദ്ധരിച്ചുകേൾപ്പിക്കാനുള്ള സമയംമാത്രം.

ഇത്തരം ബലാല്ക്കാരമോ മഹാസാഹസമോ നിമിത്തമല്ല, ഗുരുസൂക്തത്തിന്റെ ഈ യഥാർത്ഥസിദ്ധി. രണ്ടും അനായാസസിദ്ധംതന്നെ. സാധ്യാർത്ഥത്തേക്കാൾ സിദ്ധാർത്ഥത്തിനു സത്യത്തോടു കൂടുതലടുപ്പവും ഉണ്ടു്. പണ്ഡാതിതന്മാരായ ഋഷീശ്വരന്മാരുടെ സാരസ്വതമഹാസിദ്ധികൾ അമേയപ്രഭാവങ്ങളത്രേ. അവ അവിടവിടെ എന്തെന്തു ചന്തം ചിന്തുന്നില്ല! എന്തായാലും; രേഖപ്പെടുത്തിയിടാതെ തരമില്ലതന്നെ. അത്രയ്ക്കുണ്ടിതിന്റെ ലോകാനുഗുണ്യവും ഏകാന്തചിന്ത്യതയും. ശുഭം.

# തത്വവിവേകം

S. N. T.

ആത്മാവു സത്യമാകുന്നു. അതിനു അന്യമായതെല്ലാം അസത്യവുമാകുന്നു. എന്താണു അസത്യം. മിഥ്യയായിട്ടുള്ളതെല്ലാം. അനിത്യമായി - നിത്യമല്ലാത്തതായി കാണുന്നതെല്ലാം അസത്യമാണു. ജലം ഇല്ലാത്തതായെന്നു്. അതുള്ളതായി കാണുന്നു. വാസ്തവത്തിൽ ജലം അദൃശ്യമായ രണ്ടു വാതകങ്ങൾ മൂലം ഉണ്ടാകുന്നതാണു്. ഇവിടെ വസ്തുവിന്റെ മാററം ഒന്നുമാത്രം. ജലം ഇല്ലാത്തതാണു എന്നു പറഞ്ഞാൽ അതാരു സമ്മതിക്കും. ദൃഷ്ടിക്കു അതുള്ളതുതന്നെ. തത്വത്തിൽ അതില്ലാത്തതും ആണു. "സയൻസു" അതുതെളിയിക്കയും ചെയ്യുന്നു. വസ്തു ഒന്നു്. രൂപം പലതു് എന്നാണു ഇതിനു വേദാന്തികൾ പറയുന്നതു്. "ആത്മാ സത്യസ്തദന്യത് സർവ്വം മിത്ഥ്യേതി" എന്നാണു ആത്മാവിനെപ്പററി പറയുന്നതു്. ഉള്ളതു സത്യം. ഇല്ലാത്തതു അസത്യം. ദൃഷ്ടിഗോചരമായതിനെ ദൂരദർശിനിയിൽക്കൂടി നോക്കുന്നതായാൽ വ്യത്യസ്ഥങ്ങളായി കാണുന്നു. അവയെല്ലാം അസത്യവുമാകുന്നു. ഓരോ വസ്തുക്കളുടെയും പാരമാർത്ഥ്യം അറിയുവാൻ അവ ഓരോന്നും അപഗ്രഥനം ചെയ്തു നോക്കണം. അപ്പോൾ അതെന്താണെന്നറിയുവാൻ കഴിയും. ആർക്കും ഇതാകാവുന്നതാണു്. ഇന്ദ്രജാലക്കാരൻ ഇല്ലാത്തതിനെ ഉള്ളതാക്കി കാണിക്കുന്നു. ഇതിനു "മായ" എന്നൊരു കൂട്ടർ സംജ്ഞകൊടുത്തു. ദൃഷ്ടിഗോചരമായതെല്ലാം ഒരു വക അസത്യമായ ജാലവിദ്യതന്നെ എന്നു തത്വവിവേകികൾ സിദ്ധാന്തിക്കുന്നു. വാസ്തവത്തിൽ പഞ്ചഭൂതവും ഇതുതന്നെ. അതുകൊണ്ടാണു് ആത്മാവു സത്യമാകുന്നു എന്നു പറയുവാൻ കാരണമായതു്. അനാത്മാ- ആത്മാവിനു അന്യമായതു. അതെന്താണു്? "ആത്മാവല്ലാതെയുള്ള ദേഹാദിവസ്തുക്കളിലാത്മാവെന്നുള്ള ബോധം യാതൊന്നു" അതാണു അനാത്മാവെന്നു എഴുത്തച്ഛൻ പാടിയിരിക്കുന്നു. ഇനി ആത്മാവു എന്താണെന്നു നോക്കാം. "സ്ഥൂലസൂക്ഷ്മകാരണശരീരാദ്വ്യതിരിക്തഃ പഞ്ചകോശാതീതഃ സൽഅവസ്ഥാത്രയസാക്ഷി സച്ചിദാനന്ദസ്വരൂപഃ സന്യസ്തിഷ്ഠതി സ ആത്മാ"- സ്ഥൂലസൂക്ഷ്മകാരണശരീരങ്ങൾക്കും അന്യമായി പഞ്ചകോശങ്ങൾക്കും അതീതമായി മൂന്നു അവസ്ഥകൾക്കും സാക്ഷിഭൂതമായി, സച്ചിദാനന്ദസ്വരൂപമായി സ്ഥിതിചെയ്യുന്നതു യാതൊന്നു് അതാണാത്മാവു്. വിവരിച്ചു് അടുത്തു പറയാം.


## ൧൦൦ രൂപാ ഇനാം

വളരെക്കാലമായി നാട്ടിന്റെ നാനാഭാഗങ്ങളിലുമുള്ള കുഞ്ഞുങ്ങളെ വില്ലൻചുമയിൽ നിന്നും (Whooping Cough) മോചിപ്പിച്ചു് തദ്വാരാ ശിശുമരണത്തിനു കുറവു വരുത്തിക്കൊണ്ടിരിക്കുന്ന ഈ ഹോമിയോ ഔഷധത്തിന്റെ പേരു പറയുന്ന ഒരു ഹോമിയോ ഡോക്ടർക്കു ൧൦൦ രൂപാ ഇനാം.

രണ്ടു കുപ്പികളടങ്ങിയ പെട്ടി ൧ന്‌ രൂപാ ഒന്നരമാത്രം.

എസ്സ്. എൻ. വി ഫാർമസി
നെയ്യാററിൻകര.

# വേദാന്തദർശനം

പണ്ഡിതമഹോപാദ്ധ്യായ ശിരോമണി, കെ. ബാലരാമപ്പണിക്കർ

## IV
## പ്രസ്ഥാനത്രയം.

ബാദരായണസൂത്രത്തിനു ഉപവർഷൻ തുടങ്ങിയ അനേകം ആചാര്യന്മാർ വ്യാഖ്യാനം എഴുതിയിട്ടുണ്ടു്. എന്നാൽ അവയിലൊന്നും അദ്വൈതതത്വം വേണ്ടവണ്ണം പ്രതിപാദിതമായിട്ടില്ല.

ആവക ദോഷങ്ങളെ നിശ്ശേഷം പരിഹരിച്ച് അഖണ്ഡനീയമാംവിധം അദ്വൈതസിദ്ധാന്തം വിശദീകരിക്കുവാനാണ് ശശങ്കരാചാര്യസ്വാമികൾ പ്രസ്തുത ഗ്രന്ഥത്തിനു് വ്യാഖ്യാനം എഴുതിയതു്. പ്രസന്നഗംഭീരമായ ഈ വ്യാഖ്യാനമാണ് സുപ്രസിദ്ധമായ "ശാങ്കരഭാഷ്യം". ഇതിൽ ഒൻപതിനായിരം ഗ്രന്ഥങ്ങൾ ഉണ്ടു്. ഭാഷ്യാതാത്പര്യം വിവരിച്ചുകൊണ്ടു പത്മപാദാചാര്യൻ ഒരു ടീക നിർമ്മിച്ചു. അതാണ് പഞ്ചപാദികാ. അതിൽ ചതുസ്സൂത്രീ ടീകയ്ക്കു പ്രകാശാത്മയതീശ്വരൻ ഒരു വിവരണം രചിച്ചിട്ടുണ്ടു്. തന്മൂലം അദ്ദേഹത്തെ ഇന്നും ലോകം അറിയുന്നതു് "വിവരണാചാര്യൻ" എന്ന പേരിലാണു്. ചതുർലക്ഷണീസിദ്ധാന്തംമുഴുവൻ ഇതിൽ വിശദീകൃതമായിട്ടുണ്ടു്. നരേന്ദ്രഗിരിതുടങ്ങിയ അനേകം ആചാര്യന്മാർ വിവരണത്തിനു ടീകകൾ എഴുതിയിട്ടുണ്ടു്. ഇങ്ങനെ സൂത്രഭാഷ്യ- പഞ്ചപാദികാ- വിവരണടീകകൾ എന്നീ ഗ്രന്ഥപരമ്പരയാണു ഒരു പ്രസ്ഥാനം.

ശാങ്കരഭാഷ്യത്തിനു വാചസ്പതി മിശ്രൻ ഒരു വിശദവ്യാഖ്യാനം എഴുതിയിട്ടുണ്ടു്. അതാണ് സുപ്രസിദ്ധമായ "ഭാമതി". അതിൽ പന്തീരായിരം ഗ്രന്ഥങ്ങൾ ഉണ്ടു്. ഭാമതിയുടെ ഒരു വ്യാഖ്യാനമാണ് കല്പതരു. ഇതിൽ പതിനെട്ടായിരം ഗ്രന്ഥങ്ങൾ അടങ്ങിയിരിക്കുന്നു. ഇങ്ങനെ സൂത്ര-ഭാഷ്യ-ഭാമതി-കല്പതരു എന്നീ ഗ്രന്ഥപരമ്പരയാണ് മറെറാരു പ്രസ്ഥാനം.

മൂന്നാമത്തേതു വാർത്തികപ്രസ്ഥാനമാണ്. കാണ്വശാഖാഗതമായ ബൃഹദാരണ്യശ്രുതിയാണ് അതിന്റെ മൂലഗ്രന്ഥം. അതിനു ശങ്കരാചാര്യസ്വാമികൾ ഒൻപതിനായിരം ഗ്രന്ഥങ്ങൾകൊണ്ടു് ഒരു ഭാഷ്യം ചമച്ചിട്ടുണ്ടു്. ഈ ഭാഷ്യത്തിനാണ് സുരേശ്വരാചാര്യൻ വാർത്തികം എഴുതിയതു്. പന്തീരായിരം ഗ്രന്ഥങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. അതിനു ആനന്ദഗിരി നിർമ്മിതമായ ഒരു ടീകയുണ്ടു്. നാല്പത്തിയെണ്ണായിരം ഗ്രന്ഥങ്ങളാണ് അതിലുള്ളതു്. ഇവയാണ് വിവരണ-ഭാമതി-വാർത്തികപ്രസ്ഥാനങ്ങൾ. വ്യാഖ്യാനകാരന്മാരുടെ ബുദ്ധിവിശേഷങ്ങൾ അവയിൽ ദർശിതമായിട്ടുള്ളതുകൊണ്ടാണ് അവ ഭിന്നപ്രസ്ഥാനങ്ങളായി നിലനിൽക്കുന്നതു്.

സുപ്രസിദ്ധമായ ഈ പ്രസ്ഥാനത്രയംകൂടാതെ നാലാമതൊരു പ്രസ്ഥാനംകൂടി രൂഢമൂലമായി വന്നിട്ടുണ്ടു്. ശാങ്കരഭാഷ്യത്തിന്റെ പ്രകടാർത്ഥന്യായനിർണ്ണയം തുടങ്ങിയ ടീകകൾ ഈ നാലാം പ്രസ്ഥാനത്തിലുള്ളവയാണ്. സർവ്വദർശനകൌമുദിയുടെ കർത്താവായ മാധവാനന്ദസരസ്വതിസ്വഗ്രന്ഥത്തിൽ വേദാന്തദർശനത്തെക്കുറിച്ചു ചെയ്യുന്ന പരാമർശങ്ങൾ ഈ നാലാം പ്രസ്ഥാനത്തിന്റെ സത്തയെ ആവിഷ്കരിക്കുന്നുണ്ടു്.

## V
## വേദാന്തപ്രയോജനം.

വേദാന്തദർശനത്തിനു ആധാരം ഉപനിഷത്തുകൾ-വേദാന്തങ്ങൾ ആണല്ലോ.

മോക്ഷസാധകമായ ആത്മജ്ഞാനത്തെ ഉത്പാദിപ്പിക്കുക എന്നതാണു വേദാന്തത്തിന്റെ പ്രയോജനം. ഈ ആത്മജ്ഞാനം ലൌകികമായ 'അഹം പ്രത്യയം' കൊണ്ടു തന്നെ സിദ്ധമാകുമെന്നിരിക്കെ വേദാന്തങ്ങളെ എന്തിനാശ്രയിക്കുന്നു എന്നാണു പൂർവ്വപക്ഷം. ശരീരം ഇന്ദ്രിയം മററു വസ്തുക്കൾ ഇവയിൽനിന്നും ഭിന്നമായി ആത്മാവിനെ ഈ ലൌകികപ്രത്യക്ഷം യഥാർത്ഥത്തിൽ വിഷയീകരിക്കുന്നുണ്ടു്. ആർക്കു അനുഭവമുണ്ടാകുന്നുവോ അവർക്കു മാത്രമേ തത്തദനുഭവവിഷയമായ സ്മൃതി ഉണ്ടാകുന്നുള്ളു. ബാല്യത്തിൽ അനുഭവിച്ചവ വാർദ്ധക്യത്തിൽ ഓർക്കുന്നുണ്ടു്. ബാല്യശരീരവും വാർദ്ധക്യശരീരവും പരസ്പരം ഭിന്നങ്ങളാണു്. അതുകൊണ്ടു അനുഭവസാക്ഷികമായ ഒരു ആത്മാവു് ശരീരാതിരിക്തമായി ഉണ്ടെന്നു ഊഹിക്കാവുന്നതാണു്. അതുപോലെ സ്വപ്നത്തിലും മന്ത്രൌഷധപ്രയോഗത്തിലും യോഗസിദ്ധിയിലും കല്പിതശരീരങ്ങളോടുകൂടി ഉണ്ടാകുന്ന അനുഭവം അവയെ വിട്ടു സ്വശരീരം സ്വീകരിക്കുമ്പോഴും സ്മരിക്കാറുണ്ടു്. ഇതും ശരീരാതിരിക്തമായ ആത്മസത്തയെയാണ് കാണിക്കുന്നതു്. ചക്ഷുരാദികളായ ഇന്ദ്രിയങ്ങൾവഴി ലഭിക്കുന്ന അറിവു് അവ നശിച്ചുപോയാലും സ്മരിക്കപ്പെടുന്നതിനാൽ ഇന്ദ്രിയാതിരിക്തമായ ആത്മാവിനെ അംഗീകരിക്കാതെ നിവൃത്തിയില്ല. അനിത്യങ്ങളും പ്രാദേശികങ്ങളുമായ വിഷയങ്ങളിൽനിന്നുമുള്ള ഭേദം ആത്മാവിനു സ്പഷ്ടമാണ്. ഞാൻ കർത്താവാണു് എന്ന പ്രതീതി നിർബാധമായിരിക്കെ ഞാൻ എന്ന ശബ്ദത്തിന്റെ അർത്ഥമായ ആത്മാവിനു കർത്തൃത്വം ഉണ്ടു് എന്നു സിദ്ധിക്കുന്നുണ്ടു്. കർത്തൃത്വമുള്ളപ്പോൾ ഒന്നിനു അതിന്റെ കരണമാകുവാൻ സാദ്ധ്യമല്ല. ബുദ്ധിയും മനസ്സും അതിന്റെ കരണങ്ങളാണു്. അതുകൊണ്ടു അവയിൽനിന്നും ആത്മഭേദം വ്യക്തമായി ഗ്രഹിക്കാം. "ഞാൻ സ്ഥൂലനാണു" "ഞാൻ കൃശനാണ്" എന്നിത്യാദി പ്രയോഗങ്ങൾ ലാക്ഷണികങ്ങളാണ്. ഇങ്ങനെ സർവ്വജനീനവും സ്പഷ്ട

## ശ്രീ നാരായണധർമ്മഃ

(ശ്രീ നാരായണ ഗുരുദേവൻ)

അഥ വ്യഭിചാരഃ --

വീക്ഷണം പരനാരീണാം
കാമസങ്കല്പപൂർവ്വകം,
തത്സല്ലാപശ്ചതദ്യോഗോ
വ്യഭിചാര ഇതി സ്മൃതഃ 79

സ്ഥാനമാനധനജ്ഞാതാ
ചാരാണാം സകലസ്യ ച
പ്രാണസ്യാകാലികോ നാശോ
വ്യഭിചാരേണ ജായതേ 80

ദിവാപ്യന്ധം തമഃ പുംസോ
വ്യഭിചാരമുപാസതഃ
തസ്മാന്നിയതിദത്തം യത്
സുഖം തച്ച വിനശ്യതി. 81

സപത്നിപരസംസർഗ്ഗോ
നകസ്യാപിഹരോചതേ
വർജ്ജയേദ്വ്യഭിചാരം ത
ദിഹാമുത്രശുഭാഗ്രഹീ 82

അഥ മദ്യനിഷേധഃ --

ബുദ്ധിവൈകല്യജനകം
മദ്യമിത്യുച്യതേ യതഃ
മദ്യസേവാം ന കുർവ്വീത
മദ്യം വിഷസമം വിദുഃ 83

സുരാഹിഫേനവിജയാ
ധൂമപത്രാദിവത്സലാഃ
ചിത്തഭ്രമവിധായിത്വാ-
ന്മദ്യത്വേനേഹ ഗണ്യതേ 84

മദ്യസ്യ വിക്രയാദാനേ
സന്ധാനം ദാനമേവ ച
കദാപി നാചരേദ്ധീമാൻ
മഹാപാതകഹേതുകം 85

മദ്യകർത്താ പൂതിഗന്ധിഃ
പടശ്ചാസ്യ നികേതനം
ദുർഗ്ഗന്ധകലുഷം തേന
സ്പൃഷ്ടം സർവ്വമപീദൃശം 86

മദ്യപാനഹൃതലജ്ജം
ദൃഷ്ട്വോപ്രേക്ഷ്യം ബാലകാ അപി
വിഷൂചിഗ്രസ്തമിവ തം
ജുഗുപ്സന്ത്യവിവേകിനഃ 87

മദ്യാസക്തം സ്വഭാര്യാപി
പിതാമാതാ സഹോദരഃ
പുത്രശ്ചാപീശ്വരോ ദ്വേഷ്ടി
തസ്മാന്മദ്യം പരിത്യജേത് 88

തരവുമായ ഒരു അഹമനുഭവം കൊണ്ടുതന്നെ ആത്മതത്വം ഗ്രഹിക്കാമെന്നിരിക്കെ അതിനുവേണ്ടി എന്തിനു വേദാന്തത്തെ ആശ്രയിക്കുന്നു? ഈ പൂർവ്വപക്ഷം "അഹമനുഭവം"കൊണ്ടു ആത്മതത്വം വേണ്ടുംവണ്ണം പ്രകാശിതമായിരുന്നുവെങ്കിൽ സങ്ഗതമാകുമായിരുന്നു. എന്നാൽ വാസ്തവത്തിൽ അതുസംഭവിക്കുന്നില്ല. സച്ചിദാനന്ദഘനവും ഏകവും അദ്വിതീയവും ശരീരേന്ദ്രിയാദ്യുപാധിരഹിതവും സർവ്വാത്മകവുമായ ആത്മതത്വമാണ് വേദാന്തം പ്രകാശിപ്പിക്കുന്നതു്. സ്മൃതിയും ഇതിഹാസവും പുരാണവും ഇതിനെ അനുകൂലിക്കുന്നു. ഉപക്രമം ഉപസംഹാരം പരാമർശം അഭ്യാസം തുടങ്ങിയ താത്പര്യഗ്രാഹകങ്ങളായ ലിംഗങ്ങൾകൊണ്ടു ഉക്താർത്ഥപരത്വം നിർണ്ണീതമായിരിക്കേ വേദാന്തത്തിനു ഉപചരിതത്വം യുക്തമല്ല. അഹമനുഭവമാകട്ടെ പ്രാദേശികവും പ്രാപഞ്ചികവും അനേകവിധദുഃഖങ്ങളോടുകൂടിയതുമായ ആത്മാവിനെയാണു പ്രത്യക്ഷമാക്കുന്നതു്. അതു് ആത്മസ്വരൂപത്തെ അന്യഥാകരിക്കുകയാണ്. യഥാർത്ഥ്യം അങ്ങിനെയല്ല. സർവ്വവ്യാപിയായ ഒരാത്മാവിനു പ്രാദേശികത്വം മററു വാദികൾക്കും ഇഷ്ടമല്ല. കർമ്മഫലമാണു അനുഭവിക്കുന്നതു്. പ്രത്യക്ഷസിദ്ധമായ ഇതു ശരിയെന്നു പറയുവാൻ യുക്ത്യന്തരം ആവശ്യമില്ല. ജന്മാരംഭത്തിലേ അനുഭവത്തിൽ കാണുന്ന വൈചിത്ര്യം ജന്മാന്തരകർമ്മവൈചിത്ര്യത്തിൽ നിന്നേ ഉദയം ചെയ്യുകയുള്ളു. ജന്മാന്തരപരമ്പര ആത്മാവിന്റെ നിത്യത്വത്തെ ഉൽഘോഷണം ചെയ്യുന്നു. ഞാൻ കർത്താവും ഭോക്താവും മനുഷ്യനുമാകുന്നു എന്നു തുടങ്ങിയ അഹമനുഭവങ്ങൾ ആത്മാവിനു വികാരിത്വത്തെയും അനിത്യത്വത്തെയും കാണിക്കുന്നതുകൊണ്ടു ഒരിക്കലും പ്രമാണരൂപങ്ങളല്ല.

അഹമനുഭവം പ്രത്യക്ഷപ്രമാണമാണു്. അതു് മററെല്ലാ പ്രമാണങ്ങൾക്കും ജ്യേഷ്ഠഭൂതവും ആശ്രയവുമായിരിക്കേ ശ്രുതി-വേദാന്തംകൊണ്ടു് അതിനെ നിഷേധിക്കുന്നതു ശരിയല്ല എന്നു വാദിക്കുന്നവർ ഉണ്ടു്. ആ വാദവും അംഗീകാര്യമല്ല. ഇന്ദ്രിയങ്ങൾ പലപ്പോഴും നമ്മെ വഞ്ചിക്കാറുണ്ടു്. പ്രായേണ അവദോഷദൂഷിതങ്ങളായിട്ടാണു നില്ക്കുന്നതു്. നിർദ്ദോഷങ്ങളായാൽതന്നെയും അനാദിഭൂതമായ അവിദ്യയുടേയോ തത്സംസ്കാരത്തിന്റെയോ പരിധിയെ അതിക്രമിക്കുവാൻ അവയ്ക്കു സാദ്ധ്യമല്ല. പ്രത്യക്ഷം ജ്യേഷ്ഠപ്രമാണമെന്ന നിലയിൽ ബാദ്ധ്യമാകുന്നതല്ലാതെ ബാധകമാകുന്നതായും കാണുന്നില്ല. പ്രത്യക്ഷപ്രമാണത്തിന്റെ നിലങ്ങനെയിരിക്കെ തത്സിദ്ധങ്ങളും സാംവ്യവഹാരികങ്ങളുമായ അനുമാനാദികൾക്കും കാലത്രയാബാദ്ധ്യമായ ബ്രഹ്മതത്വാവേദകത്വം ഇല്ലെന്നു മനസ്സിലാക്കാവുന്നതാണ്. തത്താദൃശമായ പ്രമാണം ശ്രുതി ഒന്നുമാത്രമാണ്. വേദാന്തം "അഹമനുഭവ" ബലംകൊണ്ടു ആത്മാവിൽ ഉണ്ടെന്നു തോന്നുന്ന കർത്തൃത്വാദികളെ നിഷേധിച്ചു അദ്വിതീയജ്ഞാനാനന്ദാത്മകത്വം തെളിയിക്കുന്നു. ഈ ജ്ഞാനത്തിനുമാത്രമേ സംസാരനിവൃത്തിരൂപമോ ബ്രഹ്മാത്മൈക്യാവഗതിരൂപമോ ആയ മോക്ഷത്തെ സംസിദ്ധമാക്കുവാൻ കഴിയുകയുള്ളൂ. അതുകൊണ്ടു വേദാന്തത്തിന്റെ പ്രയോജനം മോക്ഷസിദ്ധി എന്നു പറയാവുന്നതാണ്.

# നവജീവൻ

30th നവംബർ 1944

## കൊച്ചിയിലെ ക്ഷേത്രപ്രവേശനകാര്യം

കൊച്ചിയിൽ ഇപ്പോൾ ക്ഷേത്രപ്രവേശനം അനുവദിക്കുകയില്ലെന്ന് അവിടത്തെ ഗവർമ്മെൻറ് അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രസ്താവിച്ചു കഴിഞ്ഞു. ജനങ്ങൾക്കു ഗുണകരമായ ഏതു പരിഷ്കാരവും വരുത്തുവാൻ സന്നദ്ധമായിട്ടുള്ള ചുരുക്കം ചില നാട്ടുരാജ്യങ്ങളിൽ, ഒന്നാണു കൊച്ചി എന്നുള്ള പരമാർത്ഥം ഇനിയും വിസ്മരിക്കാവതല്ല. ജനരഞ്ജകനായ ഒരു രാജാവിൻെറ ഭരണം പ്രജാപ്രഭുത്വഭരണത്തെക്കാളും ഉൽകൃഷ്ടമായിരുന്നിട്ടുള്ള സന്ദർഭങ്ങൾ വിരളമല്ല. കൊച്ചിയിലെ മഹാരാജാക്കന്മാർ പ്രകൃത്യാ ജനരഞ്ജനലോലന്മാരാണെന്നുള്ളതു പ്രസിദ്ധവുമാണ്. ഈ നിലവച്ചു കൊണ്ടു നോക്കിയാൽ ക്ഷേത്രപ്രവേശനം അനുവദിക്കുന്നതിനു കൊച്ചിയിലെ മഹാരാജാവിനെ ഏതോ ജനരഞ്ജനാപ്രധാനമായ കാര്യങ്ങൾ തടയുന്നുണ്ടായിരിക്കണം.

നിലവിലിരിക്കുന്ന ആചാരങ്ങളിൽ മാററം വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല എന്ന കാര്യം വ്യക്തമാക്കിയിരിക്കുന്ന ഗവമ്മെൻറു പ്രജാഹിതം എങ്ങനെയാണെന്നു ഒരു ഹിതപരിശോധന നടത്തിയതിനുശേഷമായിരുന്നു അതു പ്രസ്താവിച്ചിരുന്നതെങ്കിൽ ജനരഞ്ജനൗത്സുക്യം ചോദ്യംചെയ്യപ്പെടുകയില്ലായിരുന്നു.

യുദ്ധാപരിതസ്ഥിതിയിൽ രാജ്യത്തിലെ ഒരു കൂട്ടം ജനങ്ങളെ പ്രക്ഷുബ്ധമാക്കിയേക്കാവുന്ന ഒരു പരിവർത്തനം വരുത്തുവാനുദ്ദേശിക്കാത്ത സമാധാനവാഞ്ഛയുള്ള കൊച്ചി ഗവർമ്മെൻറു ഇപ്പോൾ തന്നെ പ്രക്ഷുബ്ധമായിക്കഴിഞ്ഞിരിക്കുന്ന ക്ഷേത്രപ്രവേശനവാദികളായ മറെറാരു കൂട്ടം ജനങ്ങളുടെ കാര്യത്തിൽ കണ്ണടച്ചിരിക്കുന്നു എന്നതു് അത്ഭുതകരമാണ്.

തിരുവിതാംകൂറിനെ അനുകരിക്കുന്നതിനു മടിക്കത്തക്കദുരഭിമാനം കൊച്ചിയ്ക്കില്ല. കൊലക്കുററത്തിനു വധശിക്ഷ തിരുവിതാംകൂറിൽ നിറുത്തിയപ്പോൾ ഒരു പടികൂടെ കടന്നു് വധശിക്ഷാർഹമായ ഏതു കുററത്തിനും ആ ശിക്ഷ നിറുത്തുവാൻ കൊച്ചി മിടുക്കു കാണിച്ചു. എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനമനുവദിച്ച തിരുവിതാംകൂറിനെ അധഃകരിക്കാൻ എല്ലാ ജനങ്ങൾക്കും ക്ഷേത്രപ്രവേശനമനുവദിക്കും കൊച്ചി എന്നു വിചാരിച്ചിരുന്ന കൊച്ചിക്കാരോടൊപ്പം ഭാരതത്തിലെ സമുദായ പരിഷ്കാരാഭിലാഷികളെല്ലാം നിരാശരാക്കപ്പെട്ടിരിക്കുന്നു.

കൊച്ചിയിലെ ക്ഷേത്രപ്രവേശനമില്ലാത്തവർ ഇപ്പോൾ മതം മാററത്തിനു തുനിയുന്നുണ്ടു്. അതുകൊണ്ടൊന്നും കൊച്ചിഗവർമ്മെൻറു ക്ഷേത്രപ്രവേശനമനുവദിക്കുമെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല. കൊച്ചിയിലെ അവശർ ഒന്നു ധരിക്കണം. അസന്മാർഗ്ഗജടിലമായ പഴഞ്ചൻ ആചാരങ്ങളുടെ കടുംകെട്ടിൽ തൂങ്ങിക്കിടക്കുന്ന ജാതിഹിന്ദുദുഷ്പ്രഭുത്വം നിങ്ങൾക്കു മോക്ഷം തരുവാൻ പോകുന്നില്ല. സംഘടിതമതം മനുഷ്യനു ഉണ്ടാക്കാവുന്ന ദോഷമാണ് അധികവും ചെയ്തിട്ടുള്ളതു്. നിങ്ങളെ മനുഷ്യരെന്നു വകവച്ചുതരുവാൻ വിസമ്മതിക്കുന്ന അത്തരം മതം നിങ്ങൾക്കു നിർഭയം വലിച്ചു ദൂരത്തെറിഞ്ഞു കളയാം. അതു നിങ്ങൾക്കു ഉച്ഛ്വസിക്കേണ്ടു പ്രാണവായുവിനെ ദുർഗ്ഗന്ധദൂഷിതമാക്കിക്കളയുന്നു.

നിങ്ങൾക്കു മതം വേണം, അതു് ഏതായിരിക്കണമെന്നു തീരുമാനിക്കേണ്ടതു വൈദികന്മാരോ ഭരണകർത്താക്കളോ അല്ല. ഏതുമതമായാലും നിങ്ങൾക്കും നിങ്ങളുടെ ചുററുപാടുമുള്ള അനന്തജീവിതത്തിനുമായി നിങ്ങൾ സ്ഥാപിക്കുന്ന ബന്ധത്തിനു യാതൊരു മാററവും വരുന്നില്ല. പിന്നെ നിങ്ങളുടെ ജീവിതത്തോടൊപ്പം നിങ്ങൾ കരുതുന്ന സമത്വസ്വാതന്ത്ര്യങ്ങൾക്കു വേണ്ടി സംഘടിതമതത്തിൻെറ അന്തസ്സാരവിഹീനമായ കൂട്ടുകെട്ടു നിങ്ങൾക്കു ശുഷ്കതൃണംപോലെ വലിച്ചെറിഞ്ഞുകളയാം.

എന്നാൽ ഈ തിരക്കിൽ ഒരു കാര്യം വിസ്മരിക്കപ്പെടുന്നതുപോലെ തോന്നുന്നു. ഹൈന്ദവേതരമായ ഏതെങ്കിലും മതത്തിലേക്കു മാറുവാൻ വെമ്പുന്ന അവശർ ആ മതക്കാർക്കും നിഷേധിച്ചിട്ടുള്ള ക്ഷേത്രപ്രവേശനത്തെയല്ല കാംക്ഷിക്കുന്നതെന്നു സ്പഷ്ടമാണ്. അവശർ സമത്വമാണു കാംക്ഷിക്കുന്നതു്— സാമൂഹ്യവും മതപരവുമായ നീതി. അതു മതം മാറിയാൽ ആർ വാദിച്ചുവാങ്ങും.

അതുകൊണ്ടു ഇപ്പോൾ കൊച്ചിയിൽ അവശർ അനുഭവിക്കുന്ന അസമത്വം കൊച്ചിയിലെ ജനങ്ങളുടെ അസമത്വമാണെന്നു ധരിച്ചു അതിനെ ദൂരീകരിക്കാൻ അവരുടെതെന്നു പറയുന്ന മതത്തിൽ നിന്നുകൊണ്ടുതന്നെ വേണ്ടതെല്ലാം ചെയ്യുകയാണു വേണ്ടതു്.

മതമേതായാലും മനുഷ്യൻ നന്നാകണം.

## കൈപ്പററി

തിരുവിതാംകൂർ റഫർമേററി സ്കൂളിൻെറ ആഭിമുഖ്യത്തിൽ പ്രസിദ്ധം ചെയ്തുതുടങ്ങിയിരിക്കുന്ന "ധർമ്മദീപം" എന്ന മാസികയുടെ ആദ്യലക്കം അഭിപ്രായത്തിനയച്ചുതന്നതു കൈപ്പററി നന്ദിപറഞ്ഞുകൊള്ളുന്നു.

സംസ്ഥാനത്തെ റഫർമേററി പാഠശാലയിലെ വിദ്യാർത്ഥികളുടെ സാംസ്കാരിക സമുദ്ധാരണത്തെ പുരസ്കരിച്ചു നടത്തപ്പെടുന്ന ഈ മാസിക, വധശിക്ഷ നിരോധിച്ചു് ഇവിടത്തെ ദണ്ഡനീതിയിൽ സാന്മാർഗ്ഗികമായ ഒരു വലിയ പുരോഗമനമുണ്ടാക്കിയ നമ്മുടെ മഹാരാജാവു തിരുമനസ്സിലെ ഇക്കഴിഞ്ഞ ആട്ടത്തിരുനാളിനാണു പുറപ്പെടുവിച്ചിരിക്കുന്നതെന്നുള്ളതു സമുചിതമായിരിക്കുന്നു.

"ഉൽകൃഷ്ടമായ ആദർശങ്ങളെ ലക്ഷ്യമാക്കി സ്വാശ്രയസുഭഗവും പരിശുദ്ധവുമായ ജീവിതം നയിക്കുന്നതിനും തൊഴിൽപരമായ ശാസ്ത്രീയവിജ്ഞാനം സമ്പാദിക്കുന്നതിനും സമുദായസേവനം പ്രശസ്തമായി നിർവ്വഹിക്കുന്നതിനും ഈ സ്ഥാപനത്തിലെ വിദ്യാർത്ഥികളെ സഹായിക്കണെ"മെന്നുള്ള ഉദ്ദേശത്തോടുകൂടി പുറപ്പെട്ടിരിക്കുന്ന ഈ സഹജീവിക്കു ഞങ്ങൾ ദീർഘായുസ്സും മററു ഭാവുകങ്ങളും ആശംസിച്ചു കൊള്ളുന്നു.

## കുറിപ്പുകൾ

### ബ്രാഹ്മണർക്കു പ്രാതിനിധ്യം വേണം

ദാദറിൽ വെച്ചു കൂടിയ അഖിലേന്ത്യാ ബ്രാഹ്മണഫെഡറേഷൻ, കേന്ദ്രപ്രാദേശികനിയമസഭകളിൽ ബ്രാഹ്മണർക്കു ആനുപാതിക പ്രാതിനിധ്യം അനുവദിക്കണമെന്നു ഒരു നിശ്ചയം പാസ്സാക്കിയിരിക്കുന്നു. ക്ഷത്രിയരും വൈശ്യരും ശൂദ്രരും ആനുപാതികപ്രാതിനിധ്യത്തിനു വാദിക്കാതിരിക്കുന്നതെന്താണെന്നു സംശയം തോന്നിപ്പോകും. ബ്രാഹ്മണർ ഹിന്ദുക്കൾക്കു ആനുപാതികപ്രാതിനിധ്യം വേണമെന്നു വാദിക്കയല്ലെന്നു നിശ്ചയമാണ്. ഹിന്ദുമതം തുലഞ്ഞാലും ബ്രാഹ്മണ്യത്തിനു പ്രാധാന്യവും പ്രാതിനിധ്യവും വേണമെന്നുള്ള വാദം ഹൈന്ദവദുഷ്പ്രഭുത്വത്തിന്റെ ദൂഷിതഫലമനുഭവിക്കുന്നവർ കൈവെടിയുകയില്ലെന്നു നിശ്ചയമാണ്.

* * * *

### മിശ്രവിവാഹം പാടില്ല

പതിനാറു വനിതാസ്ഥാപനപ്രതിനിധികൾ ഉൾപ്പെട്ടിരുന്ന ബോംബയിലെ ഹൈന്ദവവനിതാപ്രതിനിധി സമ്മേളനം മിശ്രവിവാഹത്തെ ഹൈന്ദവവിവാഹരീതിയിൽ ഒന്നായി പരിഗണിച്ചുകൂടായെന്നു നിശ്ചയം ചെയ്തിരിക്കുകയാണ്. അഖിലേന്ത്യാ ബ്രാഹ്മണഫെഡറേഷനും, ഡാക്ടർ ദേശമുഖ് കേന്ദ്രനിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്ന സഗോത്രവിവാഹബില്ലിനെ പ്രതിഷേധിക്കുന്നു.

ഹൈന്ദവരെന്നു പറയുന്നവർ വർഗ്ഗം വർഗ്ഗമായി പിരിഞ്ഞുനിന്നുകൊള്ളണമെന്നുള്ള ദുഷിച്ച ജാതി ഹിന്ദുമതത്തിന്റെ പരമ്പരാഗതമായ പ്രേരണ തന്നെയാണ് ഈ നിശ്ചയങ്ങൾ ചെയ്യിച്ചിട്ടുള്ളത്. ഹൈന്ദവമതത്തിന്റെ ദൃഢതയെ കാംക്ഷിക്കുന്നവരെന്നു പറയുന്ന പുതിയ മതപരിഷ്കർത്താക്കളുടെ കർമ്മപരിപാടി ഇങ്ങനെയാണെങ്കിൽ അവശസമുദായനേതാക്കൾക്കു, ഹിന്ദുമതത്തെക്കുറിച്ചു ഇതിനിടയുണ്ടായിട്ടുള്ളതിനെക്കാൾ രൂക്ഷതരമായ പ്രസംഗങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഏതായാലും ഹൈന്ദവ ഇംപീരിയലിസക്കാർ അവർക്കു ലഭിച്ചിരിക്കുന്ന അട്ടിപ്പേറുകൾ വലിച്ചെറിവാൻ പോകുന്നില്ല.

* * * *

വനിതാപ്രതിനിധികൾക്കു മിശ്രവിവാഹത്തോടു ഈ എതിർപ്പിനു കാരണം നോക്കിയിട്ടു കാണുന്നില്ല. അവൾക്കൊരു സ്ഥാപിതതാല്പര്യവും പരിരക്ഷിക്കേണ്ടതില്ലല്ലോ. ഏതായാലും അവർ ഒരു നിശ്ചയം കൂടി ചെയ്യുന്നതു നന്നായിരിക്കും. ഹൈന്ദവസ്ത്രീകളെല്ലാം ഹൈന്ദവപുരുഷന്മാരെ മാത്രമേ 'പ്രേമിക്കാവൂ. ഇതിനു വിരുദ്ധമായി പ്രേമബന്ധത്തിലേർപ്പെടുന്നവരെ നിയമംകൊണ്ടു തടയേണ്ടതാണ്' എന്ന്. മതക്കുരുപ്പു മനുഷ്യന്റെ ബുദ്ധിക്കു വരുത്തുന്ന മാന്ദ്യം വിചാരിച്ചാൽ വനിതാപ്രതിനിധികളോടു അനുതാപം തോന്നേണ്ടുന്ന കാര്യമേയുള്ളു.

## ശിവഗിരിവാർത്തകൾ

### ഗുരുപൂജ

കാഞ്ചീപുരം ശ്രീനാരായണസേവാശ്രമത്തിൽ പതിവായി നടത്തിവരുന്ന ഗുരുപൂജയിൽ സംബന്ധിക്കുന്നതിനായി മഠാധിപതി ശ്രീ ശങ്കരാനന്ദസ്വാമികളും സിക്രട്ടറി ശ്രീനാരായണതീർത്ഥസ്വാമികളും അങ്ങോട്ടു പോയിരിക്കുന്നു. അടുത്ത ആഴ്ചയിൽ സ്വാമിമാർ ശിവഗിരി മഠത്തിൽ തിരിച്ചെത്തുന്നതാണ്.

### തീർത്ഥയാത്ര

ശിവഗിരി തീർത്ഥയാത്രയോടനുബന്ധിച്ചു നടത്തുവാനുദ്ദേശിക്കുന്ന തീർത്ഥാടകസമ്മേളനം, കലാസമ്മേളനം, മതസമ്മേളനം, ആരോഗ്യസമ്മേളനം ഇവയ്ക്കു അദ്ധ്യക്ഷന്മാരേയും പ്രാസംഗികരേയും ക്ഷണിച്ചുകഴിഞ്ഞിരിക്കുന്നു. ഗവർമ്മെന്റിൽ നിന്നും പതിവായി ചെയ്തുതരാറുള്ള ആനുകൂല്യങ്ങൾക്കായി അപേക്ഷിച്ചിരിക്കുന്നു. ഇക്കൊല്ലം വളരെ അധികം തീർത്ഥാടകർ ഉണ്ടാകുമെന്നു ഇതുവരെകിട്ടിയ വിവരങ്ങളിൽ നിന്നും അറിവായിരിക്കുന്നു.

തീർത്ഥയാത്ര ധനു ൧൭-ം ൧൮-ം (ഡിസംബർ ൩൧-ം ജാനുവരി ൧-ം) തീയതികളിലാണ് നടത്തപ്പെടുന്നതു്. ധനു ൧൮ൻ (ജാനുവരി ൧-ാം തീയതി ഒഴിവുദിവസമല്ലാത്തതിനാൽ ഈ ഭേദഗതി വരുത്തിയിരിക്കുന്നതാണ്.

### മംഗളപത്രങ്ങൾ

തിരുവിതാംകൂർ ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ ഈയിടെ ആലുവാ അദ്വൈതാശ്രമം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിനും, അദ്ദേഹത്തിനെക്കൊണ്ടു, ഒരു തികഞ്ഞ സ്വാമിഭക്തനും ഔദാര്യവാനും ധർമ്മസംഘം വക സ്ഥാപനങ്ങൾക്കു നിരന്തരം ധനസംഭാവന ചെയ്തുകൊണ്ടിരിക്കുന്നയാളും ആലുവാ അദ്വൈതാശ്രമത്തിനടുത്തുള്ള ആറുകടവിൽ ഒരു വലിയ തുക സ്വന്തം കൈയിൽ നിന്നും ചിലവു ചെയ്തു സ്നാനഘട്ടം പണിയിച്ചയാളുമായ തൃശ്ശൂർ റെയിൽവേ കൺട്രാക്ടർ ശ്രീ. എം. ആർ. കോന്നിക്കും ധർമ്മസംഘം വകയായി ഓരോ മംഗളപത്രം സമർപ്പിക്കയുണ്ടായി.

## മഹദ്വചനങ്ങൾ

സാധുക്കൾക്കിടമില്ലാത്ത ഈ ലോകത്തിൽ സുഖജീവിതം നയിക്കുവാനിച്ഛിക്കാതെ, ആ സാധുക്കളുടെ സുഖത്തിനായി ശ്രമിക്കുകയെന്നുള്ളതാണ് മനുഷ്യധർമ്മം.

കാറൽ മാറക്സ്

ഒരു ഭൃത്യൻ ഒരിക്കലും അവന്റെ യജമാനനെ ഒരു മഹാനായി ഗണിക്കുന്നതല്ല.

ബർണാഡ്ഷാ

ഗൗരവം നടിക്കാൻ എളുപ്പമാണു്; ലഘുഭാവം സ്വീകരിക്കുന്നതാണു വിഷമമായിട്ടുള്ളതു്.

കെ. ജി. ചെസ്റ്റർടൺ

വിവാഹത്തിന്റെ ഏകരസികത്വം, ഇരുകക്ഷികൾക്കും വഞ്ചന നിറഞ്ഞ ജീവിതം നയിക്കേണ്ടിവരുന്നു എന്നുള്ളതാണു.

ഓക്സർ വൈൽഡ്

പ്രവർത്തിയാണു ഗുരുനാഥൻ; ആവർത്തിച്ചാവർത്തിച്ചുവരുന്ന പരാജയമാണു് പ്രേരണാശക്തി. ജെ. സി. ബോസ്

# ജ്ഞാനലക്ഷണങ്ങൾ

(തുടർച്ച)

(പി. ശേഷാദ്രി, ബി. ഏ. എം. എൽ.)

## ൩. ആചാര്യോപാസനം

ഗുരുഭക്തി സകല ഭാഗ്യങ്ങളുടേയും വിളഭൂമിയാകുന്നു. അതു ശോകഗ്രസ്തനായ മനുഷ്യനെപ്പോലും ബ്രഹ്മസ്വരൂപമാക്കിത്തീർക്കുന്നു. അതിനാൽ ഗുരുഭക്തിയെപ്പററി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തന്റെ വിപുലമായ ജലസമ്പത്തോടുകൂടി ഗംഗ സമുദ്രത്തിൽ ലയിക്കുന്നു. വേദം സകല അംഗങ്ങളോടുംകൂടി ബ്രഹ്മപദത്തിൽ പ്രവേശിക്കുന്നു. പതിവ്രത തന്റെ സർവ്വസ്വവും സ്വഭർത്താവിനു വേണ്ടി സമർപ്പിക്കുന്നു. അതുപോലെ തന്റെ ശരീരവും അന്തഃകരണവും ഗുരുകുലത്തിനായി ഗുരുഭക്തൻ സമർപ്പണം ചെയ്യുന്നു; താൻസ്വയം ഭക്തിഗൃഹമാകുന്നു. വിരഹിണിയായ പത്നി തന്റെ പതിയെ എന്നപോലെ ഗുരുവിന്റെ സ്വദേശത്തെ ഗുരുഭക്തൻ നിരന്തരം ചിന്തിക്കുന്നു. ആ ദേശത്തിൽനിന്നും വരുന്ന കാററിനെപ്പോലും ഓടിച്ചെന്നു അവൻ സാഷ്ടാംഗം നമസ്കരിക്കുന്നു. പ്രേമത്തിൽ മതിമറന്ന് ആ ദേശത്തെപ്പററി തന്നെ അവൻ സംസാരിക്കുന്നു. തന്റെ ഹൃദയം ഗുരുഗൃഹത്തിന് അവകാശിയാക്കിത്തീർക്കുന്നു. പശുക്കിടാവിനെ കെട്ടിയിരിക്കുന്നതുപോലെ ഗുരുവിന്റെ ആജ്ഞ അവനെ തന്റെ ഗൃഹത്തിൽ ബന്ധിതനാക്കിയിരിക്കുന്നു എന്നു മാത്രമേ ഉള്ളൂ. ഈ പ്രതിബന്ധം നീങ്ങി ഗുരുവിനെ ദർശിക്കുന്നത് എപ്പോഴാണ് എന്നു ആലോചിച്ചു ഓരോ നിമിഷവും ഓരോ യുഗമായി അവൻ കഴിച്ചുകൂട്ടുന്നു. ഗുരുവിന്റെ സ്വദേശത്തിൽനിന്നും വല്ലവരും വരുകയോ ഗുരു തന്നെ ആളയക്കുകയോ ചെയ്താൽ മരിച്ചുപോയവനു ജീവൻ കിട്ടിയാലെന്നപോലെ അവൻ ആനന്ദിക്കുന്നു. ഉണങ്ങിപ്പോയ അങ്കുരത്തിൽ അമൃതധാര വീണാലെന്നപോലെയും അല്പജലത്തിൽ ഇരിക്കുന്ന മത്സ്യം സമുദ്രത്തിൽ ചെന്നു വീണാലെന്നതുപോലെയും ദരിദ്രന് ധനം ലഭിച്ചാലെന്നതുപോലെയും അന്ധന് കാഴ്ച കിട്ടിയാലെന്നതുപോലെയും ഗുരുകുലത്തിന്റെ പേരു കേൾക്കുമ്പോൾ തന്നെ ഗുരുഭക്തന് അത്യധികം സുഖം ലഭിക്കുന്നു. ഗുരുകുലത്തോടുള്ള ആദരവുകൊണ്ട് അവൻ ഏകാന്തസേവകനായിത്തീരുന്നു. അന്തഃകരണത്തിൽ പ്രേമം നിറഞ്ഞു ഗുരുരൂപത്തെ ധ്യാനിച്ച് അവൻ ഉപാസിക്കുന്നു. ഹൃദയശുദ്ധിയാകുന്ന ഗർഭഗൃഹത്തിൽ ആരാധ്യനായ ഗുരുവിന്റെ മൂർത്തിയെ സ്ഥിരമായി വച്ച് അദ്ദേഹത്തെ ഗൃഹനാഥനാക്കുകയും താൻ സകലസംഭാവങ്ങളോടുംകൂടി അദ്ദേഹത്തിന്റെ പരിചാരകനായിത്തീരുകയും ചെയ്യുന്നു. അഥവാ ചൈതന്യഭവനത്തിൽ ആനന്ദമന്ദിരത്തിൽ ഗുരുവാകുന്ന ശിവലിംഗത്തിൽ ധ്യാനാമൃതത്തെ അവൻ വർഷിക്കുന്നു. ഉത്തമസമയം ശിവപൂജയ്ക്കുള്ള ത്രികാലമായി അറിഞ്ഞു അവൻ നിരന്തരം ജീവഭാവമാകുന്ന ധൂപത്തെ പ്രജ്വലിപ്പിച്ച് ഭസ്മമാക്കുന്നു. ജ്ഞാനദീപം കൊണ്ട് ദീപാരാധനം നടത്തുന്നു. അഖണ്ഡമായ ഏകതയെ പാകം ചെയ്ത് നൈവേദ്യം സമർപ്പിക്കുന്നു. ഈപ്രകാരം സ്വയം പൂജകനായി ഗുരുവിനെ ശിവലിംഗമാക്കുന്നു. അഥവാ തന്റെ അന്തഃകരണത്തെ ശയ്യയാക്കി ഗുരുവിനെ അതിൽ വിശ്രമിപ്പിക്കുന്നു. ഇതുകൊണ്ട് അവന്റെ ബുദ്ധി പ്രേമാനന്ദനിമഗ്നമാകുന്നു. അവന്റെ അന്തഃകരണത്തിൽ തുളുമ്പുന്ന പ്രേമത്തെ ക്ഷീരസമുദ്രമായി സങ്കല്പിച്ച് ഗുരുധ്യാനസുഖത്തെ അതിലെ നിർമ്മലമായ അനന്തനെന്ന് അവൻ ഭാവിക്കുന്നു. അതിൽ ഗുരു വിഷ്ണുവായി ശയിക്കുന്നു. താൻ പാദസേവ ചെയ്യുന്ന ലക്ഷ്മിയെന്ന് സങ്കല്പിക്കുന്നു. താൻ തന്നെ ഗരുഡനായി കാത്തുനില്ക്കുന്നു. ചിലപ്പോൾ ഗുരുവിനെ മാതാവായും തന്നെ ഓമനസ്സന്താനമായും കരുതുന്നു. അഥവാ ഗുരുവിനെ ചൈതന്യവൃക്ഷത്തിന്റെ മൂലത്തിൽ കിടക്കുന്ന പശുവെന്നും തന്നെ കിടാവെന്നും വിചാരിക്കുന്നു. ഗുരുവിനെ കൃപാസമുദ്രമായും തന്നെ മത്സ്യമായും അവൻ ഭാവനം ചെയ്യുന്നു. ചിലപ്പോൾ താൻ ഭക്തിവൃക്ഷമെന്നും ഗുരുകൃപ അമൃതവൃഷ്ടിയെന്നും അവൻ കാണുന്നു. ചിറകും കണ്ണുമില്ലാത്ത പക്ഷിക്കുട്ടിയാണ് താനെന്നും ഗുരു തള്ളപ്പക്ഷിയായി തന്നെ ഊട്ടുന്നവളെന്നും അവൻ കല്പിക്കുന്നു. ജലപൂർണ്ണമായ സമുദ്രത്തിൽ തിരമാലകൾ ഒന്നോടൊന്നു തള്ളിക്കയറുന്നതുപോലെ അവന്റെ ഭക്തിസിന്ധു പല സങ്കല്പങ്ങളേയും തുടരെത്തുടരെ സൃഷ്ടിക്കുന്നു. ഇങ്ങനെ അവൻ ഗുരുമൂർത്തിയെ ഉള്ളിൽ ഉപാസിക്കുന്നു. ഇനിയും ബാഹ്യോപാസനയെപ്പററി നിരൂപിക്കാം. ഗുരു ആശ്ചര്യഭരിതനായി അത്യധികം സന്തോഷിച്ച് "വരം ചോദിക്കുക" എന്നു സ്വയം പറയത്തക്കവണ്ണം ഗുരുശുശ്രൂഷ ചെയ്യണമെന്ന് അവൻ നിശ്ചയിക്കുന്നു. വരം ചോദിക്കുവാൻ ആവശ്യപ്പെടുമ്പോൾ ഗുരുഭക്തൻ ഇങ്ങനെ പറയും. "അവിടുത്തെ സകല പരിചര്യയും ഞാൻ തനിച്ച് നിർവഹിച്ചുകൊള്ളാം. അവിടത്തേക്കു ഉപയോഗമുള്ള എല്ലാം സാമഗ്രികളും ഞാൻതന്നെ ആയിത്തീരാം." ഗുരു അനുവദിച്ചാൽ അവൻ അപ്രകാരം ഭവിക്കയും ചെയ്യും. ഗുരു പലരുടേയും മാതാവാണെങ്കിലും ആ കൃപാമൂർത്തിയെ സ്വന്തമാക്കത്തക്കവണ്ണം അവൻ ശുശ്രൂഷിക്കും. പരമപ്രേമം കൊണ്ട് അദ്ദേ

ഹത്തെ പ്രസാദിപ്പിക്കും. ഗുരുകൃപാപാത്രമായി അവൻ തീരും. (ഗുരുസേവാസൗദാമിനിയെ തന്റെ ഗുണരത്നങ്ങൾകൊണ്ടു് അവൻ അലങ്കരിക്കും ഗുരുകൃപ വർഷിക്കാൻ അവൻ ഭൂമിയായിത്തീരും.) താൻതന്നെ ഗുരുഗൃഹവും ഭൃത്യനും ആയിരിക്കും. ഗുരുവിന്റെ പാദങ്ങൾ സ്ഥിതിചെയ്യുന്നതിനുള്ള സ്ഥലമായും പടിവാതലായും കാവൽക്കാരനായും (ചവിട്ടുപടി) അവൻ ഭവിക്കും. അവൻ അദ്ദേഹത്തിന്റെ പാദുകയും കുടയും കുടപിടിക്കുന്നവനും സ്വയം ആയിത്തീരും. ചാമരമായും അതു വീശുന്നവനായും അവൻ ഭവിക്കും. വഴി കാട്ടിയായും ദീപയഷ്ടിയായും ദീപയഷ്ടി പിടിക്കുന്നവനായും അവൻ തന്നെ തീരും. അവൻ ഗുരുവിന്റെ ആസനം, ആഭരണം, വസ്ത്രം, ചന്ദനം, മുതലായ സകലതും ആയിത്തീരും. താൻ ഗുരുവിന്റെ സിംഹാസനവും പാദശുശ്രൂഷകനും ആകും. ഗുരുവിന്റെ മനസ്സ് താല്പര്യപ്പെടുന്നതെല്ലാം അവൻതന്നെയായി ഭവിക്കും. ഗുരുവിന്റെ ശരീരം സ്പർശിക്കുന്നതെല്ലാം അവൻ തന്നെയായിത്തീരും. അദ്ദേഹത്തിന് രസനയെ രുചിപ്പിക്കുന്ന രസമായും അവൻ ഭവിക്കും. അദ്ദേഹത്തിന്റെ ഘ്രാണേന്ദ്രിയം സേവിക്കുന്ന ഗന്ധവും അവൻ തന്നെയായിത്തീരും. ഇപ്രകാരം ഗുരുവിന് സന്തുഷ്ടി വരുന്ന ബാഹ്യവും ആഭ്യന്തരവും ആയ സകലവസ്തുക്കളും അവൻതന്നെയായിത്തീർന്ന് എല്ലാം ഗുരുശുശ്രൂഷയ്ക്കായി സമർപ്പിക്കുന്നു. ശരീരം ഇരിക്കുന്നകാലം മുഴുവനും ഇപ്രകാരം ശുശ്രൂഷിക്കും. ദേഹത്യാഗാനന്തരവും അവൻ ആഗ്രഹിക്കുന്നതു് ഇങ്ങനെയാണു്: "ഗുരുചരണങ്ങൾ സ്പർശിക്കുന്നദിക്കിലെ മണ്ണായി എന്റെ ശരീരത്തിന്റെ മൃദംശം ഭവിക്കണം. ഗുരു ഉപയോഗിക്കുന്ന ജലത്തിൽ എന്റെ ദേഹത്തിലെ ജലാംശം ലയിക്കണം. ഗുരുവിനെ ദീപാരാധനചെയ്യുന്ന ദീപപ്രഭയിലോ ഗുരുഗൃഹത്തിലെ വിളക്കിലെ ജ്വാലയിലോ എന്റെ തേജസ്സ് ചേരണം. അദ്ദേഹത്തെ വീജനം ചെയ്യുന്ന വെൺചാമരത്തിൽ എന്റെ പ്രാണനു ലയിക്കണം." ഇങ്ങനെ ജീവിച്ചിരിക്കുമ്പോഴും മരിച്ചതിന്റെ ശേഷവും ഗുരുശുശ്രൂഷ ത്യജിക്കാതെ കല്പകോടികാലവും ഇരിക്കണമെന്നുള്ള ആഗ്രഹം യാതൊരുവനിൽ നിലനിന്നു് സർവ്വദാ ഗുരുവിന്റെ ആജ്ഞയെ പരിപാലിക്കുന്നുവോ അവൻ സർവ്വശ്രേഷ്ഠനാകുന്നു. അവന്റെ ഹൃദയവൃത്തിക്കുമുമ്പുതന്നെ ശരീരം വ്യാപരിക്കുന്നു; മനസ്സ് ആലോചിക്കുന്നതിനു മുമ്പുതന്നെ അവൻ പ്രവർത്തിക്കുന്നു. ഏതുസമയവും ഗുരുവിന്റെ അല്പമായ ആഗ്രഹം പോലും സാധിക്കാൻ അവൻ സ്വജീവിതത്തെ ബലികഴിക്കുന്നു. ഗുരുശുശ്രൂഷയ്ക്കുവേണ്ടി തന്റെ ശരീരത്തെ കൃശമാക്കി ഗുരുകൃപകൊണ്ടു് താൻ ഹൃഷ്ടനും പുഷ്ടനുമായി ഭവിക്കുന്നു. അവൻ ഗുരുവിന്റെ ആജ്ഞയ്ക്കു നിവാസസ്ഥാനമാകുന്നു. ഗുരുകുലത്തിലെ അംഗമെന്നതുകൊണ്ടു് അവൻ കുലീനനെന്നു വിചാരിക്കുന്നു. ഗുരുവിന്റെ ബന്ധുക്കളെ തന്റെ ബന്ധുക്കളായി അവൻ കരുതുന്നു. ഗുരുഭക്തിക്കായി അവൻ നിരന്തരം പ്രവർത്തിക്കുന്നു. ഗുരുകുലധർമ്മംതന്നെയാണു് അവന്റെ വർണ്ണാശ്രമധർമ്മം. ഗുരുപരിചര്യതന്നെയാണു് അവന്റെ നിത്യകർമ്മം. ഗുരുവത്രേ അവന്റെ ക്ഷേത്രവും ദേവതയും, മാതാപിതാക്കന്മാരും. ഗുരുശുശ്രൂഷ എന്നല്ലാതെ മറ്റൊരു മാർഗ്ഗവും അവൻ അറിയുന്നില്ല. ഗുരുഗൃഹംതന്നെയാണു അവന്റെ സാരസർവ്വസ്വം. ഗുരുസേവകന്മാരോടു് സഹോദരനിർവ്വിശേഷം അവൻ പെരുമാറുന്നു. അവന്റെ നാവു് ഗുരുനാമമാകുന്ന മഹാമന്ത്രത്തെ സർവ്വദാ ജപിക്കുന്നു. ഗുരുവാക്യമൊഴിച്ചു് മറ്റൊരു ശാസ്ത്രത്തേയും അവൻ സ്പർശിക്കപോലും ചെയ്യുകയില്ല. ഗുരുചരണസ്പർശംകൊണ്ടു് പരിശുദ്ധമായ ജലംതന്നെയാണു് അവന്റെ തീർത്ഥം. ഗുരുവിന്റെ പ്രസാദം സമാധിക്കു് ഉപരിയായി അവൻ കരുതുന്നു. ഗുരു നടക്കുന്ന സ്ഥലത്തിലെ ധൂളീകണം സ്പർശിക്കുന്നതു കൈവല്യസുഖത്തിനു സമാനമായി അവൻ അനുഭവിക്കുന്നു. ഗുരുഭക്തിയെപ്പററി എത്രതന്നെ വർണ്ണിച്ചാലും ഒടുങ്ങുന്നതല്ല. ഇങ്ങനെയുള്ള ഗുരുഭക്തിയെ ആഗ്രഹിക്കുന്നവനു ഗുരുശുശ്രൂഷയിലല്ലാതെ മറ്റൊന്നിലും രുചി ഉണ്ടാകയില്ല. അവൻ തത്വജ്ഞാനത്തിനു് ആശ്രയംതന്നെ. അവനിൽതന്നെയാണു് ജ്ഞാനം ശോഭിക്കുന്നതു്. അവൻ ദേവൻ, ജ്ഞാനം അവന്റെ ഭക്തൻ. ഇങ്ങനെയുള്ളവനിൽ പൂർണ്ണജ്ഞാനം പ്രകടിതമാകുന്നു.

## ൭. ശൗചം

ശുചിത്വം ഉള്ളവന്റെ മനസ്സും ശരീരവും കർപ്പൂരംപോലെയാണു്. രത്നം അകത്തും പുറത്തും നിർമ്മലമായിരിക്കുന്നു. സൂര്യൻ ഉള്ളിലും വെളിയിലും സമാനമായി ഇരിക്കുന്നു. അതുപോലെ ശുചിത്വമുള്ളവൻ ബാഹ്യമായി കർമ്മങ്ങളെക്കൊണ്ടു നിർമ്മലനാകുന്നു. ജ്ഞാനംകൊണ്ടു് അവന്റെ അന്തഃകരണവും പ്രകാശമാനമായി ശോഭിക്കുന്നു. ഇപ്രകാരം രണ്ടും സമാനമായ ശുദ്ധിയെ പ്രാപിക്കുന്നു. വേദമന്ത്രങ്ങൾകൊണ്ടും മൃജ്ജലാദികളെക്കൊണ്ടും അവൻ ബാഹ്യശുദ്ധിയെ സമ്പാദിക്കുന്നു. എന്നാൽ ബുദ്ധിതന്നെയാണു് സാരമായിട്ടുള്ളതു്. ദർപ്പണം മാർജ്ജനധൂളികൊണ്ടു് സ്വച്ഛമാകുന്നു. വസ്ത്രങ്ങൾ, അടിച്ചുനനയ്ക്കുന്നതുകൊണ്ടു ശുഭ്രമാകുന്നു. ബാഹ്യശൗചംകൊണ്ടു് മുൻപറഞ്ഞ പ്രകാരം ശരീരശുദ്ധിയും, ജ്ഞാനദീപംകൊണ്ടു് അന്തഃകരണശുദ്ധിയും വരുത്തേണ്ടതാണു്. എന്നാൽ അന്തഃകരണം ശുദ്ധമായില്ലെങ്കിൽ ബാഹ്യകർമ്മങ്ങൾ എല്ലാം വൃഥാതന്നെ. മൃതശരീരത്തിനെ ആഭരണം അണിയിക്കുന്നതുപോലെയും കഴുതയെ തീർത്ഥസ്ഥലങ്ങളിൽ കുളിപ്പിക്കുന്നതുപോലെയും ഉപവാസിയുടെ ദേഹത്തിൽ അന്നലേപനം ചെയ്യുന്നതുപോലെയും ചിത്രത്തിലെ പഴം പോലെയും ചിത്തശുദ്ധിയില്ലാത്ത ബാഹ്യശൗചം ഉപയോഗശൂന്യമത്രെ. അതുകൊണ്ടു് അന്തഃകരണശുദ്ധി അത്യാവശ്യമാണു്. ബാഹ്യശരീരത്തെ ഉത്തമകർമ്മങ്ങൾകൊണ്ടു് നിർമ്മലമാക്കണം. ജ്ഞാനംകൊണ്ടു് അന്തഃ

# മസൂരിയും മൂഢവിശ്വാസവും

ടി. സി. ഗോപാലൻ

പാശ്ചാത്യ രാജ്യങ്ങളെ അപേക്ഷിച്ചു പൌരസ്ത്യരാജ്യങ്ങളിൽ പ്രത്യേകിച്ച് ഇന്ത്യയിൽ ഡോക്ടർമാരുടെ സംഖ്യ തുലോം കുറവാണെന്നു ഈയിടെ പരസ്യംചെയ്തിരുന്ന ഒരു കണക്കുകൊണ്ടു വ്യക്തമായിട്ടുണ്ടല്ലോ. അവിടെ രോഗികളും രോഗങ്ങളും കുറവാണെങ്കിൽ ഇന്ത്യയിൽ രോഗികളുടെ എണ്ണം കൂടുതലാണ്. പാശ്ചാത്യരാജ്യങ്ങളിൽ ഡാക്ടർമാരുടേയും ആസ്പത്രികളുടേയും ബഹുലതയും അവിടങ്ങളിലെ ജനങ്ങൾക്കുള്ള ആരോഗ്യസംബന്ധമായ ബോധവുമാണു രോഗശമനകാരണമെന്നാരെങ്കിലും പറഞ്ഞാൽ ഇന്ത്യാക്കാർ അതു സമ്മതിക്കയില്ല. ചികിത്സകൊണ്ടൊരു പ്രയോജനവുമില്ലെന്നും ദൈവത്തിന്റേയും ദേവന്മാരുടേയും ഭഗവതിമാരുടേയും കൃപയിലും പ്രസാദത്തിലുമാണ് സർവ്വതുമിരിക്കുന്നതെന്നും വിശ്വസിക്കുന്നവരാണ് ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും. ദൈവകൃപയ്ക്കും ദേവീപ്രസാദത്തിനും വേണ്ടി ഇന്ത്യയുടെ വിവിധഭാഗങ്ങളിലും കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളെ ഇവിടെ വിവരിക്കാൻ പ്രയാസം തന്നെയാണ്. ദേവന്മാരുടേയും അവരുടെ പത്നികളുടേയും കൃപയ്ക്കും പ്രസാദത്തിനുംവേണ്ടി ആട്ടുമാട്ടുകളെ കുരുതികൊടുക്കുകയും കോഴികളെ ലക്ഷക്കണക്കിനു വെട്ടുകയും ചെയ്യുന്ന ഇന്ത്യാക്കാരുടെ അല്പായുസ്സും മരണത്തോതും ഇതരരാജ്യങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്ന നിലയിൽതന്നെ നിലനില്ക്കുന്നുണ്ടെന്നുള്ളതു സമ്മതിച്ചേതീരൂ. ചില നാട്ടിൻപ്രദേശങ്ങളിൽ ജനങ്ങളെ മസൂരി ബാധയിൽനിന്നു രക്ഷപ്പെടുത്താൻ പാവങ്ങളുടെ എത്ര വളരെ പണമാണു ഹോമിക്കുന്നതു. വൈപ്പിൻകരയിലെ ചില ദേശങ്ങളിൽ പാവങ്ങളുടെ വളരെ പണം ഈയിടെയായിട്ടു നിറമാല, കുരുതി മുതലായ കോപ്രായങ്ങൾക്കായി ചെലവായിപ്പോകുന്നുണ്ട്. നിറമാലക്കു വരുത്തുന്ന നാഗസ്വരക്കാർക്കുതന്നെ 200ക. യാണത്രേ കൊടുക്കുന്നതു്. ഈ ഒരു ഇനത്തിൽ 200ക. ചെലവാകുമ്പോൾ മററിനത്തിൽ അനാവശ്യമായി മുടിക്കുന്ന സംഖ്യ എത്രയായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. പാവങ്ങൾക്കു പണത്തിനു വലിയ പഞ്ഞമില്ലാത്ത കാലമാണിതു്. ഈ തക്കവും തരവും നോക്കി മൂഢതയിന്മേൽ കരം ചുമത്തി അവരുടെ പണം മുടിക്കാൻ ചിലർ നടത്തുന്ന ശ്രമത്തിനെതിരായി നാട്ടുകാർ ഒരു പ്രചരണംതന്നെ നടത്തേണ്ടതായിട്ടാണിരിക്കുന്നതു്. മരുന്നും കുത്തിവെയ്പും ശുചീകരണവും കൊണ്ടേ മസൂരിരോഗം മാറുകയും പിടിപെടാതിരിക്കയും ചെയ്യുകയുള്ളുവെന്നു അവരുടെ ഇടയിൽ വലിയ പ്രചരണവേല വേണ്ടിയിരിക്കുന്നു. മസൂരിബാധിച്ചിട്ടുള്ള ചില സ്ഥലങ്ങളിൽ വളരെപ്പേരും ഇപ്പോഴും കുത്തിവെപ്പിക്കുന്നതിൽ വിമുഖതയും വിമ്മിഷ്ടവും കാണിച്ചുവരുന്നതായറിയുന്നു. 'നിറമാല'കൊണ്ടു മസൂരിബാധ നിശ്ശേഷം ശമിച്ചുപോകുമെന്നുള്ള മൂഢവിശ്വാസത്തിൽ മുക്കാലും അവർ മുങ്ങിയിരിക്കുന്നതുകൊണ്ടാണ് അവർ അങ്ങിനെ ചെയ്യുന്നതു്. ആ മൂഢവിശ്വാസം നിർബാധം വളരാൻ അനുവദിക്കുന്നതു മസൂരിബാധ പിടിപെട്ടിട്ടുള്ള സ്ഥലങ്ങളിൽ ഒരു നാട്ടാപത്തായിത്തീരുമെന്നു അവിടങ്ങളിലെ വിവരമുള്ളവർ ഇനിയെങ്കിലും ഓർക്കേണ്ടിയിരിക്കുന്നു.

---

കരണത്തെ കഴുകി ശുദ്ധിചെയ്യണം. ഇങ്ങനെ അന്തരം, ബാഹ്യം, എന്ന ഭേദം നശിച്ചു നിർമ്മലത രണ്ടിലും ഒരുപോലെ വ്യാപിക്കണം. ശുചിത്വം മാത്രം അവശേഷിക്കണം. സ്ഫടികഗൃഹത്തിലെ ദീപംപോലെ അന്തഃകരണത്തിലെ ഭാവങ്ങൾ എല്ലാം വെളിയിലും വികസിച്ചുകാണണം. വികല്പങ്ങളും മിത്ഥ്യാവികാരങ്ങളും കർമ്മഭാരവും സാധാരണക്കാർക്ക് ഉണ്ടാകുന്ന വിഷയങ്ങളെ, ശുചിത്വമുള്ളവൻ കേൾക്കുകയും കാണുകയും ചെയ്താലും, ആറുകൊണ്ടു മേഘവർണ്ണങ്ങൾകൊണ്ട് ആകാശം എന്നതുപോലെ അവന്റെ മനസ്സ്, മലിനമാകയില്ല. അവന്റെ ഹൃദയം എന്നും ശുദ്ധമായിത്തന്നെ ഇരിക്കും. സങ്കല്പവികല്പങ്ങളുമായി പരിചയമുണ്ടെങ്കിലും കർത്തവ്യാകർത്തവ്യങ്ങളുടെ സ്പഷ്ടമായ ജ്ഞാനമുണ്ടെങ്കിലും അവ അവന്റെ മനോവൃത്തിയെ ലിപ്തമാക്കയില്ല. ഇതിനെയാണ് പൂർണ്ണശുചിത്വമെന്നു പറയുന്നതു്. യാതൊരുവനിൽ ഈ ഗുണങ്ങൾ വിളങ്ങുന്നുവോ അവനിൽ ജ്ഞാനം പ്രതിഷ്ഠിതമായിരിക്കുന്നു,

(തുടരും)

---

# ആവലാതി

(തിരുവാർപ്പ്,
ബാലകൃഷ്ണൻനായർ)

ആലിൻചുവട്ടിലെ പൊന്നുദേവാ!
കേളൻ വിടകൊണ്ടു നില്ക്കയാണേ!
മന്ത്രം പഠിച്ചതും പാഴിലായി
കോന്തൻ പിണഞ്ഞുപോയ് തമ്പുരാനേ!

മാടത്തിൽ വച്ചിനിപ്പൂജചെയ്യാൻ
പാടില്ലെന്നായിപ്പോയ് പൊന്നുദേവാ!

മാടനെ പൂജിച്ചിരുന്നുപോയാൽ
കാലിനും കൈകൾക്കും തളർച്ചയാണേ!
മാടന്റെ പൂജകൊണ്ടെന്നുമെന്നും
മാടത്തിൽ പട്ടിണി മിച്ചമായി
പൂജിച്ചിരുന്നതുകൊണ്ടു നിത്യം
ചിതയ്ക്കു വല്യ വഴക്കമായേ!
പാലും പഴങ്ങളും വാങ്ങി വാങ്ങി
നീളെക്കടമൊന്നു മിച്ചമായി.
ഇന്നതൊട്ടിത്തൊഴിൽ വേണ്ട വേണ്ട

. . .

കൊന്നാലും വേണ്ടില്ല തമ്പുരാനേ!
കല്പിച്ചു തന്നൊരീ ദേവമൊഴി—
ങ്ങളല്ലിക്കുവാനായി പോനാടിയൻ....!

# ചോദിക്കേണ്ട ചോദ്യങ്ങൾ

എ. ഐ. ജെലീല

I

ജനിക്കുന്നു. ഊത്തുപോലെ തന്നെ മരിക്കുന്നു. വേദനയുണ്ടോ ഇല്ലയോ എന്നാർക്കറിയാം? ജനനം മരണം—അവയുടെ കാര്യകാരണങ്ങളും വിവരണങ്ങളും ഒരുപോലെ അജ്ഞാതം.

ഞാൻ ഇവിടെ എന്തിനുവന്നു? എന്നോടാരെങ്കിലും പറഞ്ഞുവോ എന്റെ അമ്മയുടെ വയററിൽ നിന്നുപുറത്തു ചാടണമെന്നു്? അല്ലെങ്കിൽ ഞാനതിനു് ആരോടെങ്കിലും ആവശ്യപ്പെട്ടുവോ? ഞാൻ ഇവിടെ വന്നു ഇന്നതെല്ലാം ചെയ്യണമെന്നു് എന്നോടാരെങ്കിലും വല്ലതും പറഞ്ഞുവോ?

ഞാൻ എന്തിനു ഇവിടെ വന്നു? എനിക്കു മനസ്സുണ്ടായിട്ടാണോ? ആർക്കെങ്കിലും മനസ്സുണ്ടായിട്ടാണോ?

ആവർത്തിച്ചു; ആവർത്തിച്ചു; എന്തിനു്? എങ്ങിനെ?

എല്ലാവരും ഇവിടെ വന്നു; ഞാനും ഇവിടെ തന്നെ വന്നു. എല്ലാവരും ജീവിക്കുന്നു; ഞാനും ജീവിക്കുന്നു. ഞാനും ജീവിക്കണമോ? എന്തിനു? എങ്ങിനെ?

അജ്ഞതയുടെ അത്യഗാധതയിൽ നിന്നു വന്നു അജ്ഞതയുടെ അനശ്വരഗഹ്വരത്തിലേയ്ക്കു ഞാനും പോകണമോ?

അനിശ്ചിതമായി അനശ്വരമായി വല്ലതുമുണ്ടോ? ജീവിതം മരണം അതുരണ്ടും നിശ്ചിതം. അതിനിടയിലുള്ളതോ അതും നിശ്ചിതം. അതുരണ്ടും കൂടി കൂട്ടിമുട്ടുന്നു; അജ്ഞതയും ആലോചനയുമാണു് ആ കൂട്ടുകമ്പികൾ. പ്രശ്നങ്ങൾ, ഉത്തരമില്ലാത്ത പ്രശ്നങ്ങൾ, ഉത്തരത്തിനും പ്രശ്നമുള്ള പ്രശ്നങ്ങൾ, പ്രശ്നത്തിനും പ്രശ്നമുള്ള പ്രശ്നങ്ങൾ, അത്യഗാധമായ ഒന്നുമില്ലാത്ത ഒഴിഞ്ഞ പ്രശ്നങ്ങൾ?

II

ഒരൊന്നിനായി പ്രശ്നം വല്ലതുണ്ടോ? എന്നെ ആരോ എന്തിനോ ഇവിടെ കൊണ്ടു വന്നു വിട്ടിട്ടു എങ്ങോ മറഞ്ഞുകളഞ്ഞു. ഞാൻ അവിടെത്തന്നെ ഇങ്ങനെതന്നെ നില്ക്കണമോ?

നിന്നു നിന്നു എന്റെ കാലിനു ചൂടുപിടിച്ചു; ഇനി വല്ലിടത്തേയ്ക്കും ഒന്നു മാറണം: എങ്ങനെ?

ജീവിതത്തിന്റെ കാഹളവുമൂതിക്കൊണ്ടു് അവരതാ പോകുന്നു. എന്തിനു്? എങ്ങോട്ടു്? അവർ പോകുന്നതിനുവേണ്ടി പോകുന്നിടത്തേക്കു പോകുന്നു.

ഹേ, ജീവികളെ നിങ്ങളെപ്പോലെ തന്നെ ഞാനും ഒരു ജീവിയാണു് നിങ്ങൾ വന്നതുപോലെ തന്നെ ഞാനും വന്നു. അതുകൊണ്ടു എനിക്കും നിങ്ങളുടെ കൂടെ വരണം. നിങ്ങൾ എന്നെയും നിങ്ങളുടെ കൂടെ കൊണ്ടുപോകണം. അല്ലാതെ ഞാൻ സമ്മതിക്കയില്ല.

എന്തു? നിങ്ങൾ പോകുന്നതുപോലെ ഞാനും പോകണമെന്നോ? നിങ്ങളോടാരു പറഞ്ഞു ഇങ്ങിനെ പോകുവാൻ? നിങ്ങടെ ഇഷ്ടംപോലെ നിങ്ങൾ പോകുന്നു; അതുകൊണ്ടു എനിക്കും പോകുവാൻ സ്വന്തം ഒരു പോക്കുവേണം.

III

ഇതെന്താണിതു്? ഇങ്ങിനെ തുള്ളിപ്പാടിയൊക്കെ നടക്കുമ്പോൾ ചില കുഴികളിൽ ചാടിപ്പോകുന്നതു? ചില കല്ലുകളിൽ തട്ടുന്നതു്?

ഓഹോ! എന്റെ മുമ്പിൽ പോയവർ പോയതുപോലെ ഞാനും പോയാലോ? അവരും വല്ല കുഴിയിലും ചാടിയിട്ടുണ്ടെങ്കിലോ? അവരോടതു ചോദിച്ചു പഠിച്ചു ആ വഴിയെ പോകാം

ഹേ. അവർ പോയതു അവർക്കുതോന്നിയതുപോലെയാണു്. അവർക്കും അബദ്ധം പിണഞ്ഞിട്ടുണ്ടാകണം. അതുകൊണ്ടു എനിക്കു തോന്നിയതുപോലെ ഞാനും പോകണം. അപ്പോൾ അബദ്ധം വീണ്ടും പററില്ലേ?

ആട്ടെ, ഇവിടെ ഇരുന്നു കളയാം, സുഖമായി ഇരുന്നു കളയാം. ഇരുന്നിരുന്നു മുഷിഞ്ഞല്ലോ. എന്നാലോ? ഓരോരുത്തർ പോകുന്നവഴികണ്ടു്, എന്റെ യുക്തിക്കനുസരിച്ചു് അവ അപ്പാടെയോ അതൊരു ഭേദഗതിവരുത്തിയോ വേണ്ടതു പോലെ ചെയ്തുകളയാം. അതു വലിയ വിഷമമുള്ള ഒരു സംഗതിയാണല്ലോ.

എന്തുചെയ്യാം: സുഖമായി പോകണമെങ്കിൽ അതുതന്നെ വേണം.

ഹൌ. ഇവിടെ ഇരിക്കാനും സമ്മതിക്കുന്നില്ലല്ലോ ചില കുതിരകയററക്കാർ.

അതുകൊണ്ടു ഞാനെന്തുചെയ്യണം.

ഇരിക്കാവുന്നേടത്തോളം ഇരിക്കണം. പിന്നീടു ഇരുന്നുകിട്ടിയതുകൊണ്ടു നടക്കണം. എന്റെ ഇടവാടുകൊണ്ടു ലാഭമുണ്ടായേക്കാം. അപ്പോൾ പിന്നീടും ഇരിക്കുവാൻ സാധിച്ചെങ്കിലോ?

ഇരിക്കുവാൻ സാധിച്ചില്ലെങ്കിലോ?

അതു ഞാൻ ചോദിക്കണം; എന്നെ എന്തുകൊണ്ടാണു് ഇരിക്കുവാൻ അനുവദിക്കാത്തതു്.

എന്താണു ഒരു മറുപടിയും കിട്ടാത്തതു്?

നിങ്ങളും എന്നോടു അതുതന്നെ ചോദിക്കയാണോ?

അയ്യോ അതൊരു പരമാർത്ഥംപോലെ ഇരിക്കുന്നല്ലോ. ഈ ലോകം തന്നെ അനന്തമായ ഒരു ചോദ്യചിഹ്നസമൂഹമാണോ? ചോദ്യചിഹ്നമാണോ? ... ...

പ്രശ്നങ്ങൾക്കു പ്രശ്നം വച്ചിരിക്കലാണോ ജീവിതം? ജീവിതത്തിന്റെ വാപൊളിച്ചു കിടക്കുന്ന യാഥാർത്ഥ്യം പ്രശ്നപരമ്പര എന്ന നൂലുകൊണ്ടു ചൊന്നത്തിക്കുന്ന ഭിക്ഷയാണോ? ആരാണോ ??

അവപത്തി ഒമ്പതാംപേജിൽ നിന്നും
(തുടർച്ച)

"മനുഷ്യരിൽ ഏററവും ഉത്തമൻ സമസ്തസൃഷ്ടങ്ങൾക്കു നന്മചെയ്യുന്നവനാകുന്നു" മാനവരാശിക്കു വേണ്ടി ചെയ്യാവുന്നതിലേക്കു ഏററവും ഉത്തമമായ സേവനം സത്യപ്രഖ്യാപനമാകുന്നു, ശരിയായ കർമ്മമാർഗ്ഗത്തിലേക്കു അവനെ ക്ഷണിക്കുക, തെററായതിനെ വിലക്കുക.

iii. സമത്വസിദ്ധാന്തം.

മി. വെങ്കിട രത്നം അദ്ദേഹത്തിൻെറ "ഇസ്ലാമിനെപ്പററിയുള്ള ഉപന്യാസ"ത്തിൽ പറയുന്നു:ഇസ്ലാമിൻെറ മൗലികതത്വം സർവ്വ സാഹോദര്യമാണു്. ഇസ്ലാം ഏററവും കൂടിയ മതസഹിഷ്ണുതയുള്ള മതമാണു്. അതു് മത്സരകരമായ വർഗ്ഗഭേദങ്ങളെ നിഷേധിക്കുന്നു. വിശുദ്ധ പ്രവാചകൻെറ ഒരു കല്പനതന്നെ "നീ ഇഷ്ടപ്പെടുന്നതു നിൻെറ സഹോദരനുവേണ്ടിയും നീ ഇഷ്ടപ്പെടുന്നില്ലെങ്കിൽ നീ ദൈവത്തിൽ വിശ്വസിക്കുന്നവനല്ല" എന്നാണു്. മറെറാരു ചൊല്ലു് "നിങ്ങളെല്ലാം സഹോദരരാണെന്നു ഓർത്തു കൊൾക. ദൈവത്തിൻെറ ദൃഷ്ടിയിൽ എല്ലാമനുഷ്യരും സമന്മാരാണു്. ഇന്നിതാ ഞാൻ ജാതി വർണ്ണ സമുദായ ഭേദങ്ങളെയെല്ലാംഎൻെറ കാൽ പടം കൊണ്ടു ചവുട്ടിത്തള്ളിയുന്നു. എല്ലാ മനുഷ്യരും ആദാമിൻെറ മക്കളാണു, ആദാംപൊടിയുടേയും"

മി. വെങ്കിട രത്നത്തിൻെറ വാക്കുകളിൽ തന്നെ വീണ്ടും പറഞ്ഞാൽ "ഇസ്ലാം അത്യന്തം വ്യാപകമായ സാഹോദര്യത്തിൻെറ അടിസ്ഥാനം സ്ഥാപിക്കുന്നുണ്ടു്. — അതിൽ എല്ലാം സ്ത്രീപുരുഷന്മാരും ഏതുവർഗ്ഗമോ ജാതിയോ ഏതു തൊഴിലോ നിലയോ ആയാലും — കുബേരനും കുചേലനും ഒരേ അവകാശത്തിനു അർഹരാണു്. ആർക്കും അവൻെറ സഹോദരൻെറ അവകാശത്തെ ധിക്കരിക്കുവാനും സാധമല്ല. ഈ സാഹോദര്യ ബന്ധത്തിൽ എല്ലാ അംഗങ്ങളും ഒരു കുടുംബത്തിലെ എന്നപോലെ പരസ്പരം അനുവത്തിക്കേണ്ടതുണ്ടു്. അടിമയെ ഉടപ്പിക്കണം. അവനെ താഴ്നാവനെന്നോ നീചനെന്നോ കണക്കാക്കരുതു്. ഖുർആൻ പറയുന്നു "നിങ്ങളുടെ ഭാര്യയുടെമേൽ നിങ്ങൾക്കു് അധികാരമുള്ളതുപോലെ അവൾക്കു നിങ്ങളുടെമേലുംഅധികാരമുണ്ടു്. വർഗ്ഗമോ, തൊഴിലോ, സ്ത്രീപുരുഷവ്യത്യാസമോ ആധാരമാക്കി ആർക്കും അവകാശങ്ങൾ നിഷേധിക്കാവുന്നതല്ല. എല്ലാഭേദങ്ങളും തെററാണെന്നും നിരർത്ഥകമാണെന്നും സിദ്ധാന്തിക്കുന്നു. സദാചാരകർമ്മങ്ങൾക്കു ചില വ്യവസ്ഥകളും പറയുന്നു.

"ജനങ്ങളെ! ഒന്നിൽനിന്നു നിങ്ങളെ സൃഷ്ടിക്കയും അതിൽനിന്നു തന്നെ നിങ്ങളുടെ പങ്കാളിയെ സൃഷ്ടിക്കയും ചെയ്ത സ്രഷ്ടാവിനോടുള്ള നിങ്ങളുടെ കർത്തവ്യത്തിൽപ്രത്യേകം ശ്രദ്ധിക്കുക." ഇങ്ങനെ ഈ വാക്കുകൾ മാനവരാശിയുടെ ഏകത്വത്തെയും സ്ത്രീ പുരുഷന്മാരുടെ സമത്വത്തെയും പ്രഖ്യാപനം ചെയ്യുന്നു. സൽക്കർമ്മങ്ങളുടെ അനുഷ്ഠാനത്തെ വിശുദ്ധ ഖുർആൻ ശക്തിയായി പ്രസ്താവിക്കുന്നുണ്ടു്. ഈ ജീവിതത്തിലെ വിജയത്തിനും പരലോകത്തിലെ മോക്ഷത്തിനും സൽകർമ്മാനുഷ്ഠാനം മാത്രമാണാസ്പദംഎന്നാണു് ഖുർആൻെറ മതം.

സദാചാര നിഷ്ഠയെപ്പററി പറയുന്നതു കാൺക:—

നിങ്ങളുടെ മതത്തെ ചൊല്ലി നിങ്ങളോടു യുദ്ധം ചെയ്യാത്തവരെയും നിങ്ങളുടെ വാസസ്ഥാനത്തു നിന്നും നിങ്ങളെ ഓടിക്കാത്തവരെയും ബഹുമാനിക്കുന്നതിൽ അല്ലാഹ് നിങ്ങളെ തടയുന്നില്ല. അവരോടു കരുണ കാണിക്കുക. നീതിപൂർവ്വകം പെരുമാറുക, അല്ലാഹ് നീതിനിഷ്ഠന്മാരെ ഇഷ്ടപ്പെടുന്നു.


# ജീവിതോത്സവം

ഗ്രന്ഥകർത്താ: എം. പി. അപ്പൻ, എം. എ., എൽ, ടി.,

പാരസികകവീന്ദ്രനായ ഓമർഖയ്യാമിൻെറ കവനതല്ലജവും' സൗന്ദര്യാരാധകന്മാരുടെ ഗീതയുമായ റുബായിയത്തിൻെറ ലളിതമായ തർജ്ജമ. ഫിററ്സ്ജെറാൾഡിൻെറ ഇംഗ്ലീഷ് തർജ്ജമയും ശ്രീ. വെള്ളംകുളത്തു കരുണാകരൻനായർ (Bsc. LT) അവർകളുടെ പ്രൗഢസരസമായ വ്യാഖ്യാനവും ചേർത്തിട്ടുള്ള ഈ ഗ്രന്ഥം അതിമനോഹരമായിട്ടാണു് മുദ്രണം ചെയ്തിരിക്കുന്നതു്.

ആവശ്യപ്പെടുക:— വില ഒന്നരരൂപാ.

സെക്രട്ടറി
ശ്രീ സേതു പാർവതീബായി ഗ്രന്ഥശാല.
കുടമാളൂർ, കോട്ടയം.

## 1120-ലെ ചതയംതിരുനാൾ, മഹാസമാധിദിനം ഇവ സംബന്ധിച്ച കിട്ടിയ സംഭാവനകൾ

(തുടർച്ച)

| | | | | | |
|---|---|---|---|---|---|
| 21 | ശ്രീ. | കെ. കൃഷ്ണപ്പണിക്കർ, കളമ്പളത്തിൽ, പെരിങ്ങാല, മുളക്കുഴ, ചെങ്ങന്നൂർ. | 1 | 0 | 0 |
| 22 | ,, | കെ. കെ. കൃഷ്ണൻ, കണ്ടമ്പുറാത്തുവീട്, ചാല്യുകുന്നു്, കോട്ടയം | 5 | 0 | 0 |
| 23 | ,, | എൻ. എ. ചാത്തു, മർച്ചൻറ്, പൂന്തോൾ, മലബാർ | 5 | 0 | 0 |
| 24 | ,, | എം. അനന്തൻ വക്കീൽ, കുത്തുപറമ്പ, മലബാർ | 7 | 0 | 0 |
| 25 | ,, | ഒ. എസ്. നാരായണൻ ശാന്തി, ശ്രീകണ്ഠേശ്വരം ക്ഷേത്രം, കോഴിക്കോട്ട് | 5 | 0 | 0 |
| 26 | ,, | വി. കൃഷ്ണൻ, 688 S. N. D. P. ശാഖാവൈദിക സമാജം സെക്രട്ടറി, നെടുമങ്ങാട്ട് | 1 | 0 | 0 |
| 27 | ,, | കാക്കനാട്ട് അച്ചുംവാവാ, നെടിയാറ, ചെറായി | 1 | 0 | 0 |
| 28 | ,, | ശാന്താനന്ദസ്വാമി, ശ്രീഗുരുസേവാ സമാജം മന്നാംകണ്ടം, വട്ടയാർ | 5 | 0 | 0 |
| 29 | ,, | എ. സി. ശങ്കരനാരായണൻ, വലപ്പാട്ട് | 10 | 0 | 0 |
| 30 | ,, | കെ. എ. കമലാകരൻ, വെളിയിൽ കാഞ്ഞിരംചിറ, ആലപ്പുഴ | 1 | 0 | 0 |
| 31 | ,, | കെ. പി. കുഞ്ഞുകൃഷ്ണൻ, ശ്രീനാരായണവിലാസം, വർക്കല | 51 | 0 | 0 |
| 32 | ,, | സി. എച്ച്. കൃഷ്ണൻ,C/o വാരംക്കാട്ട ബ്രദേഴ്സ്, കൊളമ്പ് | 13 | 0 | 0 |
| 33 | ,, | പ്രസിഡൻറ് ജ്ഞാനോദയയോഗം തലശ്ശേരി | 5 | 0 | 0 |
| 34 | ,, | അരയക്കണ്ടി ഗോവിന്ദൻ, തലശ്ശേരി | 5 | 0 | 0 |
| 35 | ,, | ശങ്കരൻ വൈദ്യൻ, ചോലയിൽ സദനം, കലിമ്പ്രം, വലപ്പാട്ട് | 2 | 0 | 0 |
| 36 | ,, | കെ. എം. വാസു കരിക്കശ്ശേരി, കാട്ടൂർ, കലവൂർ | 0 | 28 | 0 |
| 37 | ,, | ചെറിയ പാടത്തു ഇട്യാതികണ്ടൻ, ചെറായി, കൊച്ചി | 2 | 0 | 0 |
| 38 | ,, | കെ. കെ. നാരായണൻ സെക്രട്ടറി, S. N. D. P. ശാഖ No 65, മെഴുവേലി | 2 | 0 | 0 |
| 39 | ,, | വി. കുഞ്ഞുരാമൻ, ആനന്ദൻകാട്ടിൽ വീട്, കുമാരപുരം; കരുവാററ | 1 | 0 | 0 |
| 40 | ,, | വി. രാമപ്പണിക്കർ 906 S. N. D. P. സെക്രട്ടറി, പനയ്ക്കോട്ട്, നെടുമങ്ങാട്ട് | 1 | 0 | 0 |
| 41 | ,, | സെക്രട്ടറി, 68 S. N. D. P. കട്ടപ്പേരൂർ മാന്നാര. | 2 | 0 | 0 |

(തുടരും)

ശിവഗിരിമഠം,
വർക്കല.

(ഖജാൻജി)

**മദനൻ**

അതിയായ ക്ഷീണം, ഉത്സാഹക്കുറവു, ഓർമ്മശക്തി ഇല്ലായ്മ, ഉറക്കക്കുറവു്, ഇന്ദ്രിയസ്ഖലനം മുതലായവയെ ഇല്ലാതാക്കി യുവത്വവും ആരോഗ്യവും സൌന്ദര്യവും നിലനിർത്തി ജീവിതത്തെ ആനന്ദസമ്പൂർണ്ണമാക്കുന്നു. ഏതു വയസ്സിനു മേലുള്ള സ്ത്രീപുരുഷന്മാർക്കു ഉപയോഗിക്കാം വിശേഷപഥ്യങ്ങൾ ഇല്ല.

60 ഗുളിക അടങ്ങിയ ഡപ്പി ഒന്നുക്കു 2 ക മാത്രം

ക്ഷയം, ഭ്രാന്തു, അപസ്മാരം കാസം മുതലായവയ്ക്കു് പ്രത്യേകം ചികിത്സ ചെയ്യുന്നതാണ്.

**ശ്രീമദ്, രാമാനന്ദസ്വാമികൾ. സിദ്ധവൈദ്യാശ്രമം.**

ബ്രാഞ്ച് ബാനർജി റോഡ്, എറണാകുളം H. O. Trichur.

Reg. No. T. 26 License No. 363/37

# THE NAVAJEEVAN

One Caste One Relegion One God for Humanity

Sivagiri Varkala. 30th Nov: 1944.



## നവജീവൻ

### ഒരു സ്വതന്ത്ര പ്രതിപക്ഷപത്രിക

ഇൻഡ്യയുടെ നാനാഭാഗങ്ങളിലും പുറമേയും വളരെ പ്രചാരമുള്ളതു്.

കേരളത്തിലെ മതപണ്ഡിതന്മാരുടേയും സാഹിത്യനായകന്മാരുടെയും മററും അനുകരണീയവും ആദർശപരവുമായ നല്ല നല്ല ലേഖനങ്ങൾ എല്ലാലക്കങ്ങളിലും ഉണ്ടായിരിക്കും.

മനുഷ്യനു് ആവശ്യമുള്ള മതസിദ്ധാന്തങ്ങളേയും സാഹിത്യമർമ്മങ്ങളേയും ശാസ്ത്രങ്ങളേയും പ്രതിപാദിക്കും.

### സർവോപരി

ലോകത്തിനു ശാന്തിയും, സമാധാനവും, സാഹോദര്യവും അരുളുന്ന

**ഭഗവാൻ ശ്രീനാരായണ പരമഹംസദേവരുടെ**

**ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് ഏന്നുള്ള**

മഹാസന്ദേശത്തെ പ്രതിപാദിക്കുന്നതായിരിക്കും.

ഗുരുദേവന്റെ അപ്രസിദ്ധങ്ങളായ സ്മൃതിയുടേയും കവിതകളുടേയും വ്യാഖ്യാനങ്ങൾ അറിയണമെന്നുള്ളവർ

**നവജീവൻ വായിക്കതന്നെ വേണം.**

മതാന്ധതയെ നിർഭയം എതിർക്കും.

**പരസ്യങ്ങൾക്കു പ്രത്യേക നിരക്ക്.**

പത്രാധിപന്മാർ:—

സ്വാമി ശ്രീനാരായണതീർത്ഥർ & സ്വാമി മംഗലാനന്ദ.

വരിസംഖ്യ ആണ്ടിൽ—അഞ്ചലിൽ 3 രൂപാ 6 ണ. തപാലിൽ 4 രൂപാ 8ണ

ഏജൻറന്മാൎക്കു പ്രത്യേക നിരക്കും കൂട്ടതൽ കമ്മീഷനും അനുവദിക്കും.

മാനേജർ, **'നവജീവൻ'** ശിവഗിരി, വൎക്കല. എന്നെഴുതുക.

## നവജീവൻ ഏജൻറന്മാരുടെ പേരുവിവരം

### തുടർച്ച

ശ്രീ. കെ. എൻ. ഗോപാലൻ ആശ്ശർ,
കിളിമാനൂർ.

,, സി. ററി. ജോർജ്ജ് ടീച്ചർ,
പാലാരിവട്ടം, ഇടപ്പള്ളി.

,, കെ. കെ. നീലകണ്ഠൻ
കച്ചേരിത്താഴം, മൂവാററുപുഴ.

,, എം. സി. വാവാക്കുഞ്ഞു്
വട്ടവിള, കുന്നിക്കോട്ട്.

,, ടി. വി. ഗോപാലൻ പത്തനംതിട്ട.

,, എ. ജെ. വർക്കി. അമ്പാട്ട്,
കോതമംഗലം.

,, എസ്. ഷാഹുൽ ഹമീദ് കൊട്ടാരക്കര.

,, ജോസഫ് ആൻഡ് ബ്രദേഴ്സ് ന്യൂസ് ഏജൻസ് പുളിങ്കുന്നു്.

മററു സ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ട്. ആകർഷകമായ കമ്മിഷൻ വ്യവസ്ഥ.

മാനേജർ, നവജീവൻ.
ശിവഗിരി, വർക്കല.

Edited & Printed by Swami Sri Narayana Theerthar at the City Press, Trivandrum
Published at Sivagiri Varkala, Travancore.